# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 13, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--367]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 1574 മുതൽ 1646 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 1647 മുതൽ 1757 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 1758 മുതൽ 1830 വരെ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 1831 മുതൽ 1906 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 1907 മുതൽ 1940 വരെ |

**ഭൂമി സ്വഭാവ വ്യതിയാന അപേക്ഷകൾക്കുള്ള സോഫ്റ്റ് വെയർ**

1574 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭൂമി സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി, അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ഏത് അധികാര സ്ഥാനത്താണ്/യൂസറിനടുത്താണ് എന്ന് വിലയിരുത്തുന്നതിനും അപേക്ഷകൾ അകാരണമായി വച്ച് താമസിപ്പിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി തിരുത്തൽ നടപടി സ്വീകരിക്കുന്നതിനും സോഫ്റ്റ്‌വെയറിൽ സംവിധാനം ഒരുക്കാമോ; വ്യക്തമാക്കുമോ;

(ബി) തീർപ്പാക്കിയ പ്രസ്തുത അപേക്ഷകളുടെ സ്ഥിതിവിവരകണക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സോഫ്റ്റ്‌വെയറിൽ ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം**

1575 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നുവെന്നും ഇപ്പോൾ എത്രയെന്നും വിശദമാക്കുമോ;

(ബി) നിലവിലെ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പച്ചക്കറിയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ നിലവിലെ സർക്കാർ നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്നും ആയത് എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കുമോ?

## ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് പദ്ധതി

1576 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജൈവ കീടനാശിനികളുടെയും ജൈവവളങ്ങളുടെയും ഉപയോഗം വർദ്ധിപ്പിക്കുന്നതിനും സംയോജിത രോഗ-കീട നിയന്ത്രണ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; ഇതിനായി പ്രത്യേക ക്യാമ്പയിനുകൾ നടത്തിവരുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഈ പദ്ധതി എന്തെല്ലാം മാറ്റങ്ങൾക്ക് ഇടയാക്കുമെന്ന് അറിയിക്കുമോ?

## കാർഷിക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച ക്ലെയിമുകൾ

1577 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച എത്ര രൂപയുടെ ക്ലെയിമുകൾ നിലവിൽ വിതരണം ചെയ്യാനുണ്ടെന്നറിയിക്കുമോ;

(ബി) ഏത് കാലയളവ് മുതലുള്ള ക്ലെയിമുകളാണ് വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഏതു വർഷം വരെയുള്ള ക്ലെയിമുകളാണ് സ്വീകരിച്ചതെന്നും പ്രസ്തുത ക്ലെയിമുകളിൽ എത്രയെണ്ണത്തിന് തുക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ?

## കൃഷിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി

1578 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എച്ച്. സലാം**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൃഷിയുടെ ഉല്പാദന ക്ഷമത ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) നെല്ല്, നാളികേരം, പച്ചക്കറി എന്നിവയുടെ ഉല്പാദന ക്ഷമതയിൽ വർദ്ധിപ്പിക്കാൻ ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) കാർഷികോല്പാദന ക്ഷമതയിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് കൃഷിക്കാരുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവുന്നുണ്ടോ; കർഷക കുടുംബങ്ങളുടെ വരുമാനക്കണക്ക് എടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## തെറ്റായി ഉൾപ്പെട്ട ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടി

1579 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരം ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി അതിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഉൾപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുമുള്ള അപേക്ഷകളിന്മേൽ തീരുമാനം വേഗത്തിലാക്കാനും ഓരോ അപേക്ഷയും തീർപ്പ് കൽപ്പിക്കുന്നതിന് ഒരു പരമാവധി സമയം തിട്ടപ്പെടുത്താനാകുമോയെന്ന് വ്യക്തമാക്കാമോ?

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

1580 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഒരു വർഷം എത്ര ടൺ പച്ചക്കറിയാണ് ആവശ്യമായി വരുന്നതെന്നും അവയിൽ എത്ര ശതമാനമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ?

## കൃഷി വകുപ്പ് നടപ്പാക്കുന്ന കുളങ്ങളുടെയും നീർത്തടങ്ങളുടെയും സംരക്ഷണ പദ്ധതികൾ

1581 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെയും നീർത്തടങ്ങളുടെയും സംരക്ഷണത്തിന് നബാർഡ് വഴി കൃഷി വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിലെ ഏതെല്ലാം കുളങ്ങളുടെയും നീർത്തടങ്ങളുടെയും പ്രവൃത്തികളാണ് പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ളത്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ?

## വേങ്ങേരി കാർഷിക വികസന കേന്ദ്രത്തിന്റെ പ്രവർത്തനം

1582 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങേരി കാർഷിക വികസന കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാർഷിക കേന്ദ്രം കർഷകർക്ക് കൂടുതൽ പ്രയോജനകരമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക

1583 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി അടങ്കലിൽ കൃഷി വകുപ്പിന് 2024-25 സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

## ഹരിതം ഹരിപ്പാട് പദ്ധതി

1584 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതം ഹരിപ്പാട് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രോജക്ട് രൂപീകരണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളതെന്നും എത്ര രൂപയാണ് ഇതിനായി അടങ്കൽ കണക്കാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പ്രോജക്ടിന്റെ ഭരണാനുമതി നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി വ്യക്തമായ സമയക്രമവും ആക്ടിവിറ്റി കലണ്ടർ അടിസ്ഥാനമാക്കിയുള്ള നിർവ്വഹണവും ഉറപ്പാക്കുമോ; വ്യക്തമാക്കുമോ?

## ഞങ്ങളും കൃഷിയിലേക്ക് പദ്ധതി

1585 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ആശയത്തിൽ ഊന്നിക്കൊണ്ട് ആരംഭിച്ച ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം വകുപ്പുകളുമായി സംയോജിപ്പിച്ചുകൊണ്ടാണ് നടത്തുന്നതെന്ന് അറിയിക്കുമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## പാലക്കാട് ജില്ലയിൽ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1586 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും ചെലവാക്കിയ തുകയും പ്രവൃത്തികളുടെ തൽസ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം വരും വർഷങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ കാർഷിക വികസന പദ്ധതികൾ

1587 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ വഴിയും പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## പോഷക സമൃദ്ധി മിഷൻ

1588 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷക സമൃദ്ധി മിഷൻ മുഖേന ഏതെല്ലാം വിളകളടങ്ങുന്ന പോഷക തോട്ടങ്ങളാണ് ഇതുവരെ സമൂഹത്തിന് മുന്നിൽ എത്തിക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര കുടുംബങ്ങളാണ് പങ്കാളികളായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി വിപുലീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

## ആര്യനാട് സ്മാർട്ട് കൃഷിഭവൻ

1589 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് കൃഷിഭവനായി പ്രഖ്യാപിച്ച ആര്യനാട് സ്മാർട്ട് കൃഷിഭവന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

## പച്ചക്കറിക്ക് തറവില നിശ്ചയിക്കുന്ന പദ്ധതി

1590 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം പച്ചക്കറിക്ക് തറവില നിശ്ചയിക്കുന്ന പദ്ധതിയ്ക്കായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും നാളിതുവരെ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

## പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തിയ പദ്ധതികൾ

1591 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് കൃഷി വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നതെന്നും എത്ര ശതമാനം വരെ വെട്ടിക്കുറവ് സംഭവിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) വെട്ടിക്കുറവ് വരുത്തിയ ഓരോ പദ്ധതിയുടെയും നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

## കതിർ ആപ്പ്

1592 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കതിർ ആപ്പ്-നെ പറ്റി വിശദീകരിക്കാമോ; കർഷകർക്ക് ഏതൊക്കെ രീതിയിലാണ് പ്രസ്തുത ആപ്പ് പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കുമോ?

## പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കാൻ നടപടി

1593 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രത്യേകതകളാണ് സാധാരണ കൃഷിഭവനുകളെ അപേക്ഷിച്ച് സ്മാർട്ട് കൃഷിഭവനുകളിൽ ഉള്ളതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്മാർട്ട് കൃഷിഭവനകൾ ഇതിനോടകം ആരംഭിച്ചിട്ടുള്ളതെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

## കേരള ക്ലൈമറ്റ് റസലിയന്റ് അഗ്രി-വാല്യു ചെയിൻ മോഡേണൈസേഷൻ പദ്ധതി

1594 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 11.01.2024-ലെ ജി.ഒ.(എം.എസ്.) നമ്പർ.9/2024/കൃഷി പ്രകാരം ഭരണാനുമതി ലഭിച്ച കേരള ക്ലൈമറ്റ് റസലിയന്റ് അഗ്രിവാല്യു ചെയിൻ മോഡേണൈസേഷൻ പദ്ധതി പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് കാർഷിക മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം മൂലം കൃഷി ചെയ്യുവാൻ ബുദ്ധിമുട്ടനുഭവിക്കുന്ന ദ്വീപ് മണ്ഡലമായ വൈപ്പിൻ കരയിലെ കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പച്ചക്കറി ഉല്പാദനം

1595 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2016 മുതൽ നാളിതുവരെ അന്യസംസ്ഥാങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് വരുന്ന പച്ചക്കറി എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) നിലവിൽ ആവശ്യമുള്ള പച്ചക്കറിയുടെ എത്ര ശതമാനമാണ് മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്ന് ഹോർട്ടികോർപ്പ് മുഖേനയും അല്ലാതെയും സംഭരിക്കുന്നത്; വിശദാംശം നൽകുമോ?

## പച്ചക്കറിയുല്പാദനത്തിൽ നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ

1596 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആഭ്യന്തര പച്ചക്കറിയുല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നു; ആയത് നിലവിൽ എത്ര മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലെ ആവശ്യത്തിന്റെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതെന്നും എത്ര ശതമാനം പച്ചക്കറി ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുവെന്നും അറിയിക്കാമോ; ഇത്തരത്തിൽ ഇറക്കുമതി ചെയ്യുന്ന പച്ചക്കറിയുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പച്ചക്കറിയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്നും ആയത് എപ്പോൾ മുതൽ നടപ്പിൽ വരുത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## നെല്ലിന് താങ്ങുവില

1597 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഓരോ വർഷവും നെല്ലിന് താങ്ങുവിലയായി കർഷർക്ക് എത്ര രൂപ വീതമാണ് നൽകിയിട്ടുള്ളതെന്നും ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ?

## കർഷകർക്ക് നെല്ല് സംഭരണ കുടിശിക ലഭ്യമാക്കാൻ നടപടി

1598 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ വിലയായി നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ; നിലവിലെ സാഹചര്യത്തിൽ പ്രസ്തുത വില തൃപ്തികരമാണോയെന്ന് വിശദീകരിക്കുമോ;

(ബി) കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; നെല്ല് സംഭരിച്ച ഇനത്തിലുള്ള കുടിശിക യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനായി നൽകിയിരുന്ന തുക മുഴുവനായും കർഷകർക്ക് നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ?

## കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

1599 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് എന്തൊക്കെ സഹായങ്ങളാണ് കൃഷിവകുപ്പ് മുഖേന നൽകിവരുന്നതെന്ന് വിശദീകരിക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ നെല്ലുൽപാദനം

1600 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷം നെല്ലുൽപാദനത്തിൽ കഴിഞ്ഞ വർഷങ്ങളേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## തുലാറ്റുനട നീർത്തട പദ്ധതി

1601 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരി, വേളം ഗ്രാമപഞ്ചായത്തുകളിലെ നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന തുലാറ്റുനട നീർടത്തട പദ്ധതിയുടെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തിയാക്കേണ്ടതെന്നും മഴക്കാലത്തിന് മുൻപ് പ്രവൃത്തി പൂർത്തിയാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

## നെല്ല് ഉല്പാദനം

1602 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2010 മുതൽ നാളിതുവരെ ഓരോ വർഷവും ആകെ നെല്ല് ഉല്പാദനം എത്ര ടൺ ആയിരുന്നുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2010 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര ഹെക്ടറിലാണ് നെൽകൃഷി ചെയ്തതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

## നെൽപ്പാടങ്ങളിൽ ജലലഭ്യത സുഗമമാക്കുന്നതിനുള്ള നടപടികൾ

1603 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടശേഖരങ്ങളിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന മോട്ടോറുകളുടെ എണ്ണം കുറയ്ക്കുന്നതിനും നെൽപ്പാടങ്ങളിൽ ജലലഭ്യത സുഗമമാക്കുന്നതിനും കൂടുതൽ ഉൾച്ചാലുകൾ (കാടച്ചാൽ) നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## കേന്ദ്ര നാളികേര തോട്ട ഗവേഷണ കേന്ദ്രത്തിന്റെ സേവനം ലഭ്യമാക്കാൻ നടപടി

1604 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് പ്രവർത്തിക്കുന്ന കേന്ദ്ര നാളികേര തോട്ട ഗവേഷണ കേന്ദ്രം സംസ്ഥാനത്തെ കർഷകർക്ക് ഉപകാരപ്രദമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ സേവനം ഇവിടെയുള്ള കർഷകർക്ക് ലഭ്യമാകാൻ എപ്പോഴെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ സ്ഥാപനത്തിൽ നടക്കുന്ന ഗവേഷണങ്ങളിലും പഠനങ്ങളിലും പങ്കെടുക്കുവാൻ സംസ്ഥാനത്തെ കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാർക്കും വിദഗ്ധർക്കും അവസരങ്ങൾ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കേരഗ്രാമം പദ്ധതി

1605 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് കേരകർഷകർക്ക് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കേര ഗ്രാമം അനുവദിച്ചിട്ടുണ്ട്; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## തിരുവമ്പാടി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

1606 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ എവിടെയൊക്കെ കേരഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ചയിടങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളും വ്യക്തമാക്കുമോ?

## കേരഗ്രാമം പദ്ധതി

1607 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പിലാക്കാത്തതെന്നും അവിടെയൊക്കെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

## ചവറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

1608 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമപ്പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

## നാളികേര സംഭരണ കേന്ദ്രങ്ങൾ

1609 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര നാളികേര സംഭരണ കേന്ദ്രങ്ങളുണ്ട്; 2010 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര നാളികേര സംഭരണ കേന്ദ്രങ്ങൾ ഉണ്ടായിരുന്നുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2010 മുതൽ നാളിതുവരെ ഓരോവർഷവും നാളികേര താങ്ങുവില ഇനത്തിൽ കർഷകർക്ക് എത്ര രൂപ നൽകിയിട്ടുണ്ടെന്നും നാളികേരത്തിന്റെ താങ്ങുവില എത്രയായിരുന്നുവെന്നും വർഷം തിരിച്ചു നൽകാമോ?

## സ്വാഭാവിക റബ്ബർ, കോമ്പൗണ്ട് റബ്ബർ എന്നിവയുടെ ഇറക്കുമതി

1610 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തേക്കുള്ള സ്വാഭാവിക റബ്ബർ, കോമ്പൗണ്ട് റബ്ബർ എന്നിവയുടെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഇറക്കുമതി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ; പ്രസ്തുത ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

1611 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) 2010 മുതൽ നാളിതുവരെ റബ്ബർ കൃഷിചെയ്തിരുന്ന ഭൂമി സംബന്ധിച്ച വിവരം വർഷം തിരിച്ച് നൽകുമോ?

## റബർ ഇൻസെന്റീവ് സ്കീം

1612 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും റബ്ബർ ഇൻസെന്റീവ് സ്കീമിനായി ബജറ്റിൽ വകയിരുത്തിയ തുക, വിതരണം ചെയ്ത തുക എന്നിവ സംബന്ധിച്ച വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) നടപ്പു സാമ്പത്തികവർഷം പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ?

## റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

1613 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കൃഷിയും ഉല്പാദനക്ഷമതയും ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് കൂട്ടാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് റബ്ബർകൃഷി പ്രോത്സാഹിപ്പിക്കാൻ നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ?

## റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ നടപടി

1614 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക റബ്ബറിന് കിലോഗ്രാമിന് ഇരുനൂറ്റി അൻപത് രൂപ ലഭ്യമാക്കുമെന്ന നിലവിലെ സർക്കാരിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

## "നല്ല മണ്ണ് " പദ്ധതി

1615 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിൽ തരിശ് രഹിത പാടശേഖരം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ "നല്ല മണ്ണ് " എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി നബാർഡിൽ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തിക വർഷം നബാർഡിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

1616 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകർ നേരിടുന്ന വിവിധ സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) യന്ത്ര തകരാറും മറ്റ് കാരണങ്ങളാലും യഥാസമയം നെൽ കൃഷിയിലെ വിളവെടുക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) നെല്ലിന് ശരാശരി താങ്ങുവില നിശ്ചയിച്ച് കർഷകർക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

## കാർഷിക ഉല്പന്നങ്ങളുടെ താങ്ങുവില കുടിശ്ശിക

1617 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ഉല്പന്നങ്ങൾക്ക് താങ്ങുവില യഥാസമയം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താങ്ങുവില യഥാസമയം ലഭ്യമാക്കി കർഷകരുടെ പ്രയാസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കാർഷിക ഉല്പന്നങ്ങൾക്ക് താങ്ങുവിലയായി നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വിശദമാക്കുമോ;

(സി) കാർഷിക ഉല്പന്നങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന താങ്ങുവില അപര്യാപ്തമായതിനാൽ പ്രസ്തുത വില പുതുക്കി നിശ്ചയിച്ച് കർഷകരെ സംരക്ഷിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി</u>**

1618 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ആയിരം രൂപ അടച്ച് പ്രസ്തുത പദ്ധതിയിൽ അംഗമായ അറുപത് വയസ്സ് കഴിഞ്ഞവർക്ക് നിലവിൽ മുപ്പതിനായിരം രൂപ ഗ്രാറ്റുവിറ്റിയും ആയിരം രൂപ പ്രതിമാസ പെൻഷനും നല്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) അറുപത് വയസ്സിനുശേഷം കൃഷിഭവനിൽ അപേക്ഷ സമർപ്പിച്ച അംഗങ്ങൾക്ക് ഒരുവർഷം കഴിഞ്ഞിട്ടും ആനുകൂല്യം ലഭ്യമാക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) കൃഷി ഭവനുകൾ ക്ലീയർ ചെയ്ത അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ച് വരുന്നുവെന്ന് വ്യക്തമാക്കുമോ?

**<u>കെ.എസ്.ഇ.ബി.യ്ക്ക് നൽകേണ്ട കുടിശിക അടയ്ക്കാൻ നടപടി</u>**

1619 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകിയ ഇനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് നാളിതുവരെ എന്തു തുക നൽകാൻ കുടിശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശിക അടിയന്തരമായി അടയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

**<u>കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി</u>**

1620 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; ഏതൊക്കെ വിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ള കർഷക വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ വിഭാഗം കെടുതികൾക്കാണ് നഷ്ടപരിഹാരം ലഭ്യമാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രകൃതിക്ഷോഭം, വന്യമൃഗാക്രമണം, കീടരോഗബാധ എന്നിവ മൂലം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്ത് എത്ര കർഷകർ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്; വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ എത്ര പേർക്ക് എന്ത് തുക വീതം ഇൻഷ്വറൻസ് പരിരക്ഷയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

## പ്രകൃതി ക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം

1621 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2020-21, 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷത്തിലും നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലും പ്രകൃതി ക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച എത്ര കർഷകർക്കാണ് നഷ്ട പരിഹാരം നൽകിയതെന്നും ഓരോ സ്ഥലത്തും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കർഷകർക്ക് നഷ്ട പരിഹാരം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

## കർഷക ക്ഷേമനിധി ബോർഡ്

1622 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കർഷക ക്ഷേമനിധി ബോർഡ് ഓഫീസുകളുടെയും ഓരോ ഓഫീസിലും അനുവദിക്കപ്പെട്ടിരിക്കുന്ന തസ്തികകളുടെയും വിവരം ലഭ്യമാക്കുമോ;

(ബി) കർഷക ക്ഷേമനിധി ബോർഡിൽ നിലവിൽ അംഗമായിട്ടുള്ള കർഷകരുടെ എണ്ണം എത്രയാണെന്ന് ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(സി) കർഷക ക്ഷേമനിധി ബോർഡ് രൂപീകൃതമായത് മുതൽ ഇതുവരെ പ്രതിവർഷം കർഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും വിവരം ലഭ്യമാക്കുമോ?

## പാടശേഖരങ്ങളിലെ ബണ്ടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കാൻ നടപടി

1623 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പമ്പിംഗിനായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ ഉപഭോഗം കുറക്കുന്നതിന് വൈദ്യുതി വകുപ്പുമായും പാടശേഖര സമിതികളുമായും സഹകരിച്ച്

പാടശേഖരങ്ങളിലെ ബണ്ടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## പാണാവള്ളി കൃഷിഭവൻ നിർമ്മാണം

1624 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിന് എം.എൽ.എ. ആസ്ഥി വികസന ഫണ്ടിൽ നിന്നും പണം അനുവദിച്ചെങ്കിലും പ്രസ്തുത പ്രവൃത്തി കാലങ്ങളായി നീണ്ടു പോകുന്നതിന്റെ കാരണം വിശദമാക്കാമോ?

## ആലത്തൂർ സ്മാർട്ട് കൃഷിഭവൻ

1625 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഗ്രാമ പഞ്ചായത്തിലെ സ്മാർട്ട് കൃഷിഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്മാർട്ട് കൃഷി ഭവൻ കെട്ടിട നിർമ്മാണത്തിനുണ്ടാകുന്ന കാലതാമസത്തിന് കാരണമെന്താണെന്നും എത്രയും വേഗം കൃഷിഭവൻ നിർമ്മാണം പൂർത്തിയാക്കാനാകുമോ എന്നും വ്യക്തമാക്കുമോ?

## തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് നടപടി

1626 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ആറ് ഗ്രാമപ്പഞ്ചായത്തുകളിലായി തരിശു കിടക്കുന്ന രണ്ട് ഏക്കറിന് മുകളിലുള്ള കരഭൂമി എത്രയെന്നത് സംബന്ധിച്ച വിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

## ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

1627 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര ഹെക്ടർ ഭൂമിയാണ് കൃഷിക്ക് അനുയോജ്യമായതെന്നും ഇതിൽ തരിശ് ഭൂമിയായി എത്ര ഹെക്ടറാണ് നിലനിൽക്കുന്നതെന്നും കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തരിശ് ഭൂമികളും ഇടവിളകൃഷിക്ക് ഉപയോഗിക്കാവുന്ന പ്രദേശങ്ങളും കണ്ട് പിടിച്ച് ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉല്പാദനവും കാർഷിക വരുമാനവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## ലൈസൻസ് ഫീസ് വർധനവ്

1628 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രിത വളം നിർമ്മാണ രംഗത്തുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർധനവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വളം ചില്ലറ വിൽപ്പനക്കാരുടെ ലൈസൻസ് ഫീസ് വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർധനവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കാർഷിക നഴ്സറികളുടെ ലൈസൻസ് ഫീസ് വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ലൈസൻസ് ഫീസ് വർധനവ് കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ

1629 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണിയൊരുക്കാൻ കൃഷി വകുപ്പ് വഴി എത്ര കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകളാണ് തുറക്കുന്നതെന്ന് വിശദമാക്കുമോ?

## അഗ്രോ സർവ്വീസ് സെന്ററുകൾക്ക് ഭരണാനുമതി

1630 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024-25 സാമ്പത്തിക വർഷത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ; ഓരോ ജില്ലയിലും എത്ര ബ്ലോക്കുകൾക്കാണ് അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചതെന്ന് അവയുടെ പേര് വിവരവും അനുവദിച്ച തുക എത്രയെന്നും വിശദമാക്കുമോ?

## അഗ്രോ സർവ്വീസ് സെന്ററുകൾ

1631 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് എന്തൊക്കെ സേവനങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അഗ്രോ സർവ്വീസ് സെന്ററുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) അഗ്രോ സർവ്വീസ് സെന്ററുകൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കാർഷിക സഹകരണ സംഘങ്ങൾക്ക് ഹോർട്ടികോർപ്പിൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക**

1632 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ച ഇനത്തിൽ നൽകേണ്ട കുടിശ്ശികയുടെ വിശദാംശങ്ങൾ ജില്ല, സംഘം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) കുടിശ്ശിക ലഭിക്കാത്തതുമൂലം കാർഷിക സഹകരണ സംഘങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും പ്രവർത്തന മൂലധനത്തിലടക്കം നേരിടുന്ന പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കർഷകരെ ഒഴിവാക്കി ഹോർട്ടികോർപ്പ് തമിഴ്നാട്ടിൽ നിന്നും സ്വകാര്യ കച്ചവടക്കാർ മുഖേന പച്ചക്കറി സംഭരിച്ച് വിൽപ്പന നടത്തുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

**കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ**

1633 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കുമോ?

**തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് നടപടി**

1634 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ പഞ്ചായത്തിലെ എട്ടാം വാർഡ് കൊക്കിരി പള്ളം ഭാഗത്ത് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രദേശത്തെ കൃഷി സംരക്ഷണത്തിനും മണ്ണിടിച്ചിലും മണ്ണൊലിപ്പും തടയുന്നതിനും ആവശ്യമായ സംരക്ഷണ നടപടികൾ സ്വീകരിക്കുമോ?

**നാടുകാണി പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭൂമിയുമായി ബന്ധപ്പെട്ട കേസ്സുകൾ**

1635 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നാടുകാണിയിൽ സ്ഥിതിചെയ്യുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടത്തിന്റെ വിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി പ്ലാന്റേഷൻ കോർപ്പറേഷന് ഏത് വ്യവസ്ഥ പ്രകാരമാണ് ലഭ്യമായത്; പ്രസ്തുത വ്യവസ്ഥ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് കേസ്സുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഭൂമിയിൽ കൈയേറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി കണക്ഷനുകളുടെ ബിൽ കുടിശ്ശിക**

1636 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതും നിലവിൽ കൃഷിഭവൻ മുഖേന വൈദ്യുതി ബിൽ അടച്ചുവരുന്നതുമായ കണക്ഷനുകൾക്ക് എത്ര മാസത്തെ വൈദ്യുതി ബിൽ കുടിശ്ശികയുണ്ടെന്നും അവയുടെ തുക എത്രയെന്നും ജില്ല തിരിച്ച് ലഭ്യമാക്കുമോ?

**മഞ്ചേശ്വരം എക്സ്റ്റൻഷൻ സെന്ററിൽ അഗ്രികൾച്ചർ പോളി ഡിപ്ലോമ കോഴ്സ്**

1637 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാല മഞ്ചേശ്വരം എക്സ്റ്റൻഷൻ സെന്ററിൽ അഗ്രികൾച്ചർ പോളി ഡിപ്ലോമ കോഴ്സ് തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കോഴ്സ് എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

**എ.ഡി.എ. അങ്ങാടിപ്പുറം ഓഫീസിന്റെ പേര് മാറ്റണമെന്ന ആവശ്യം**

1638 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ബ്ലോക്ക് പഞ്ചായത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിന്റെ പേര് എ.ഡി.എ. അങ്ങാടിപ്പുറം എന്ന് അറിയപ്പെടുന്നത് കാരണം ഓഫീസ് അങ്ങാടിപ്പുറത്താണ് സ്ഥിതി ചെയ്യുന്നതെന്ന് പൊതുജനങ്ങൾക്കുണ്ടാകുന്ന തെറ്റിദ്ധാരണ പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഫീസിന്റെ പേര് മാറ്റണമെന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

**അരുവിക്കര മണ്ഡലത്തിൽ കാർഷിക വിളകളുടെ ഉല്പാദനത്തിലുണ്ടായ വർദ്ധനവ്**

1639 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫലമായി വിവിധ കാർഷിക വിളകളുടെ ഉൽപ്പാദനവും അവയിലുണ്ടായ വർദ്ധനവും സംബന്ധിച്ച വിവരങ്ങൾ കൃഷിഭവൻ അടിസ്ഥാനത്തിലും വർഷം തിരിച്ചും വിശദമാക്കുമോ?

## ആറ്റിങ്ങൽ മണ്ഡലത്തിലെ ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം

1640 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ വിവധ ഇക്കോ ഷോപ്പുകളിൽ കഴിഞ്ഞ മൂന്ന് മാസക്കാലമായി നടന്ന പ്രവർത്തനങ്ങൾ കൃഷിഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഓരോ ഇക്കോ ഷോപ്പിനും വകുപ്പ് നൽകിയ സഹായം വിശദമാക്കുമോ?

## ഭവന നിർമ്മാണത്തിനായി ഭൂമി തരംമാറ്റത്തിനുള്ള ഇളവുകൾ

1641 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡേറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി തരംമാറ്റുന്നതിന് കൃഷി വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്വന്തമായി അഞ്ച് സെന്റോ അതിൽ താഴെയോ മാത്രം ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി തരംമാറ്റുന്നതിൽ ഇളവുകൾ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മണലൂർ മണ്ഡലത്തിൽ ഗുരുവായൂർ നഗരസഭയിലെ 9-ാം വാർഡിൽ താമസിക്കുന്ന ശശി, ആശ ദമ്പതികൾക്ക് വീട് പണിയുന്നതിന് ഭൂമി തരം മാറ്റി കിട്ടുന്നതിനുള്ള അപേക്ഷ തൈക്കാട് കൃഷി ഓഫീസർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ;

(ഡി) 75% ഭിന്ന ശേഷിയുള്ള മകനടക്കം വാടകയ്ക്ക് താമസിക്കുന്ന പ്രസ്തുത കുടുംബം 2022-ൽ നൽകിയ അപേക്ഷ പരിഗണിച്ച് ഭൂമി തരംമാറ്റം അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## കയ്പമംഗലം മണ്ഡലത്തിലെ വിദ്യാലയ കൃഷിയിടങ്ങൾ

1642 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് കൃഷിവകുപ്പുമായി സഹകരിച്ച് വിദ്യാലയ കൃഷിയിടങ്ങൾ നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ;

(ബി) കുട്ടികൾക്ക് കൃഷിയിൽ താൽപര്യം ജനിപ്പിക്കുന്നതിനും കൃഷി ചെയ്യുന്നതിനും സഹായകമാകുന്ന രീതിയിൽ മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ കൃഷിത്തോട്ടം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മതിലകം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ രൂപീകരിച്ച ഗ്രീൻ ഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് നൽകുമോ;

(ഡി) വിദ്യാർത്ഥികൾക്ക് അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് വിത്ത് നൽകുന്ന പദ്ധതി പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) വിദ്യാർത്ഥികൾക്ക് ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ മണ്ണ് പരിശോധന ക്യാമ്പ്, മണ്ണിന്റെ ഗുണനിലവാരം ഉയർത്തുന്നതിനെക്കുറിച്ചും ജൈവ കീടനിയന്ത്രണ മാർഗങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സ് എന്നിവ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

## സഹസ്ര സരോവർ പദ്ധതി

1643 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോട്ടയം ജില്ലയിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്ന സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ; അത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ

1644 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ

1645 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## പടന്നക്കാട് കാർഷിക കോളേജിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ

1646 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷിക കോളേജിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച തസ്തികകൾ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) എത്ര തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തൽ

1647 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ പ്രത്യേകമായ സെന്ററുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സംവിധാനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര വർദ്ധനവിന് ഏതൊക്കെ തരത്തിൽ സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ രംഗത്ത് മികവിന്റെ കേന്ദ്രങ്ങളും ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി കേന്ദ്രങ്ങളും

1648 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസമേഖലയിൽ ഗുണനിലവാരവും ആധുനിക ഗവേഷണ സൗകര്യവും ലഭ്യമാക്കുന്നതിനുതകുംവിധം മികവിന്റെ കേന്ദ്രങ്ങളും ഇന്റർ യൂണിവേഴ്സിറ്റി ഓട്ടോണമസ് കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് എവിടെയൊക്കെയാണെന്നും അവയ്ക്ക് സംസ്ഥാന സർക്കാരുമായുള്ള നിയമപരമായ ബാധ്യതകൾ എന്തൊക്കയാണെന്നും അറിയിക്കുമോ;

(സി) സംസ്ഥാനത്ത് അത്തരം കേന്ദ്രങ്ങൾ കൂടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആയത് ആരംഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ

വ്യക്തമാക്കുമോ?

## യു.ജി.സി.യുടെ മാർഗ്ഗനിർദ്ദേശങ്ങൾ

1649 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി.യുടെ പുതിയ മാർഗ്ഗനിർദേശങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിത്തറ തകർക്കുന്നതും സംഘപരിവാർ അജണ്ട അടിച്ചേൽപ്പിക്കുന്നതും ആണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) അധ്യാപക നിയമനങ്ങളുടെ യോഗ്യതാ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതും കരാർനിയമനങ്ങളെ പ്രോത്സാഹിക്കുന്നതുമായ പുതിയ യു.ജി.സി. വ്യവസ്ഥകൾ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ മികവിനെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വി.സി.നിയമനത്തിൽ ഗവർണർക്ക് അധികാരം നൽകുന്ന തരത്തിലുള്ള പുതിയ യു.ജി.സി. നിർദ്ദേശങ്ങൾ പിൻവലിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെയും യു.ജി.സി.യെയും അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇടപെടലുകൾ നടത്താനുള്ള കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ മറ്റ് സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നിയമപോരാട്ടം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

1650 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## പദ്ധതി അടങ്കലിലെ വെട്ടിക്കുറവ്

1651 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ അൻപത് ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് ഉന്നത വിദ്യാഭാസ വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്ക് എത്ര ശതമാനം വരെ വെട്ടിക്കുറവ് വരുത്തിയെന്നുള്ള വിവരം ലഭ്യമാക്കാമോ;

(ബി) വെട്ടിക്കുറവ് വരുത്തിയ ഓരോ പദ്ധതിയുടെയും നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

## സെമസ്റ്റർ പരീക്ഷകൾ

1652 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ, പ്രത്യേകിച്ച് കേരളാ യൂണിവേഴ്സിറ്റിയിൽ മുൻ സെമസ്റ്റർ പരീക്ഷകൾ പിന്നീടുള്ള സെമസ്റ്ററുകളിലെ ക്ലാസുകൾക്കിടയിൽ നടത്തി വിദ്യാർത്ഥികൾക്ക് മാനസിക സംഘർഷം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) സെമസ്റ്ററുകൾക്ക് ആറ് മാസം എന്ന രീതി കൃത്യമായി പാലിച്ചതിനുശേഷം മാത്രം പരീക്ഷ നടത്തി അടുത്ത സെമസ്റ്ററുകളിലെ ക്ലാസ്സുകളിൽ പ്രവേശിക്കാനും, അങ്ങനെ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷം കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സർക്കാർ കോളേജുകളിലെ അധിക അധ്യാപകരുടെ പുനർവിന്യാസം

1653 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിലെ അധിക അധ്യാപക തസ്തിക പുനർവിന്യസിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) 03.01.2001 ലെ ജി.ഒ. (പി) നം. 5/2001/ഹ. എഡ്യൂ. നമ്പർ ഉത്തരവിലൂടെ നിലവിൽ വന്ന പി.ജി. വെയ്റ്റേജ്, 01.04.2020 തീയ്യതിയിലെ G.O.(Ms)No.155/2020/HEDN, 25.05.2020 ലെ G.O.(Ms)No.193/2020/HEDN എന്നീ ഉത്തരവുകൾ എടുത്തുമാറ്റിയതിനെ തുടർന്നാണ് സർക്കാർ കോളേജുകളിൽ അധിക അധ്യാപക തസ്തിക രൂപപ്പെട്ടത് എന്നിരിക്കെ ഇരുപത് വർഷത്തിനിടയിൽ രൂപപ്പെട്ട എക്സസ് മൂലമുണ്ടാകുന്ന ഉദ്യോഗനഷ്ടം, പി.ജി. വെയ്റ്റേജ് എടുത്തുമാറ്റിയ 2020-ലെ ഉത്തരവ് വരുന്നതിനു മുമ്പുള്ള 2019-ലെ നോട്ടിഫിക്കേഷൻ വഴി നിലവിൽ വന്ന നിലവിലെ റാങ്ക് ലിസ്റ്റിനെ ബാധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) യു.ജി.സി. മാനദണ്ഡ പ്രകാരമുള്ള ജോലി ഭാരമുണ്ടായിട്ടും ഭാഷാദ്ധ്യാപകരുടെ തസ്തികകൾ പല കോളേജുകളിലും സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ആയത് സൃഷ്ടിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) 2021-22 അദ്ധ്യയന വർഷം അനുവദിച്ച പുതുതലമുറ കോഴ്സുകളിൽ പ്രവർത്തിക്കുന്നത് അതിഥി അദ്ധ്യാപകരാണെന്നിരിക്കെ പ്രസ്തുത കോഴ്സുകൾക്ക് സ്ഥിരം അദ്ധ്യാപകരെ പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## സർവ്വകലാശാല ഗ്രാന്റ്സ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ

1654 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. യു. എ. ലത്തീഫ്**

**ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ നിർദ്ദേശിച്ച് കൊണ്ടുള്ള സർവ്വകലാശാല ഗ്രാന്റ്സ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ വി.സി. നിയമനങ്ങളിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നതാണോയെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ;

(സി) പഠിച്ചിട്ടില്ലാത്ത വിഷയത്തിൽ നെറ്റ് യോഗ്യതയോ പി.എച്ച്.ഡി.യോ നേടിയവർക്ക് കോളേജ് അധ്യാപകനാകാമെന്ന നിർദ്ദേശം വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് കാരണമാകുമോയെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ;

(ഡി) യു.ജി.സി.യുടെ നിർദ്ദേശങ്ങളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>വിദ്യാർത്ഥികളുടെ ആത്മഹത്യയും റാഗിംഗും തടയുന്നതിനുള്ള നടപടി</u>

1655 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഇടയിലുള്ള ആത്മഹത്യയും റാഗിംഗും തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>സർവകലാശാലകളിലെ റിസർച്ച് പ്രൊജക്ടുകൾ</u>

1656 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല അധ്യാപകരുടെ മൈനർ റിസർച്ച് പ്രൊജക്ടുകൾക്ക് സീഡ് മണി എന്ന പേരിൽ സർവ്വകലാശാലകൾ ധനസഹായം അനുവദിക്കാറുണ്ടോ; പ്രസ്തുതയിനത്തിൽ 2020-2021 സാമ്പത്തിക വർഷം മുതൽ നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സീഡ് മണി പ്രൊജക്ടിന് തെരഞ്ഞെടുക്കപ്പെട്ട ഓരോ അധ്യാപകനും സമർപ്പിച്ച പ്രൊജക്ടിന്റെ പേര്(പ്രൊപ്പോസലിന്റെ പേര് ), ഓരോരുത്തർക്കും സർവ്വകലാശാല നാളിതുവരെ അനുവദിച്ച തുക, അനുവദിച്ച തുകയിൽ ഓരോ ഇനത്തിലും ഇതുവരെ ചെലവഴിച്ച തുക , വാങ്ങിയ ഉപകരണങ്ങളുടെയും, കമ്പ്യൂട്ടറുകളുടെയും വിശദാംശങ്ങൾ എന്നിവ പഠനവകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(സി) സീഡ് മണി പ്രൊജക്ട് പ്രകാരം ലാപ്ടോപ്/ഡെസ്ക് ടോപ് കംപ്യൂട്ടറുകൾ വാങ്ങുന്നതിന് അനുവാദം ചോദിച്ച അധ്യാപകരുടെയും, പ്രസ്തുതയിനത്തിൽ അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) രണ്ടു വർഷ സമയപരിധി കഴിഞ്ഞിട്ടും പ്രൊജക്ടുകൾ പൂർത്തീകരിക്കാത്ത അധ്യാപകരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രൊജക്ടുകളിൽ വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും, ഇവ സർവ്വകലാശാലയ്ക്കും,പൊതുസമൂഹത്തിനും ഗുണകരമായിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## സർവകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ

1657 **ഡോ. കെ. ടി. ജലീൽ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രോഗ്രാമിൽ എക്സിറ്റ് ഓപ്ഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രോഗ്രാം ഗവേഷണാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അവസരങ്ങൾ ഉറപ്പു വരുത്തുന്നുണ്ടോ എന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(ഡി) ഉപരിപഠനത്തിനും തൊഴിലിനുമായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നവർക്ക് പ്രസ്തുത പ്രോഗ്രാം എത്രത്തോളം സഹായകമാണെന്ന് വിശദമാക്കാമോ?

## ഹംഗർ ഫ്രീ പദ്ധതി

1658 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹംഗർ ഫ്രീ ക്യാമ്പസ് എന്ന പദ്ധതി കേരളത്തിലെ ഏതെല്ലാം കോളേജുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി എത്ര വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സ്ഥിരമായി മോണിറ്റർ ചെയ്യുന്നതിനും കൂടുതൽ കലാലയങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണപ്രവർത്തനങ്ങൾ

1659 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ ശാക്തീകരണ ശില്പശാല, നിർമിതബുദ്ധി ഉൾപ്പടെയുള്ള വിഷയങ്ങളിൽ പ്രത്യേകമായ കോൺക്ലേവുകൾ സംഘടിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) വികസന വിഷയങ്ങളിൽ വിദ്യാർത്ഥികളുടേയും യുവസമൂഹത്തിന്റേയും കാഴ്ചപ്പാട് മനസ്സിലാക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് അടിത്തറയിടുന്നതിന് പ്രസ്തുത പ്രവർത്തനങ്ങൾ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനായുള്ള കർമ്മ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പദ്ധതി ചെലവ്</u>

1660 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

## <u>കോളേജ് അധ്യാപകരുടെ നിയമനം</u>

1661 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ അധ്യാപക തസ്തികകൾ അധികമായി നിലനിൽക്കെ പല വിഷയങ്ങളിലെയും അധ്യാപക ഒഴിവുകൾ പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ കാരണം വ്യക്തമാക്കാമോ; ഏതെല്ലാം വിഷയങ്ങളിലാണ് ഇങ്ങനെ റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ;

(ബി) വിഷയം, റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി, ഒഴിവു വന്ന തീയതി എന്നിവ വ്യക്തമാക്കാമോ;

(സി) കോളേജ് അധ്യാപകരുടെ ജോലിഭാരവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലുള്ള എച്ച് ഇ ഡി എൻ -എഫ് 2 /173/2024-എച്ച് ഇ. ഡി. എൻ. നമ്പർ ഫയലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പിജി വെയ്റ്റേജ് എടുത്തുമാറ്റിയ സർക്കാർ ഉത്തരവിനനുസരിച്ച് കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ അധിക അധ്യാപക തസ്തികകൾ എത്രയാണെന്നുള്ള കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ യൂനിവേഴ്സിറ്റികളിലെയും അധിക തസ്തികകൾ എത്രയാണെന്ന് വിഷയാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഉത്തരവ് കോളേജുകളിൽ നടപ്പിലാക്കിയതുപോലെ യൂണിവേഴ്സിറ്റികളിൽ എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല എന്നറിയിക്കുമോ; ഈ ഉത്തരവ് ഇറങ്ങിയതിന് ശേഷം ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര അധ്യാപകരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ?

## എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ ചുമതല

1662 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ ചുമതല നിലവിൽ വഹിക്കുന്ന അധ്യാപികയ്ക്ക് പ്രിൻസിപ്പൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ പ്രൊഫസർമാരുള്ള സാഹചര്യത്തിൽ ജൂനിയറായ ഒരു അസോസിയേറ്റ് പ്രൊഫസർക്ക് കോളേജിന്റെ പ്രിൻസിപ്പൽ ചുമതല നൽകാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) കോളേജ് ഭരണസമിതിയുടെ പുനഃസംഘടന ചട്ടപ്രകാരമാണോയെന്ന് വ്യക്തമാക്കാമോ?

## പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണം

1663 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അവലോകനം ചെയ്യുന്നതിന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്നിരുന്നോ; എങ്കിൽ യോഗ തീരുമാനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതി തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) സാങ്കേതിക നടപടികൾ പൂർത്തിയാക്കി കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജ് നിർമ്മാണം

1664 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തുന്ന എതെല്ലാം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## എറണാകുളം മഹാരാജാസ് കോളേജിലെ ഭരണസമിതി

1665 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ കോളേജ് ആയ എറണാകുളം മഹാരാജാസ് കോളേജിലെ നിലവിലെ ഭരണസമിതിയുടെ ഘടന വിശദമാക്കുമോ;

(ബി) പ്രസ്തുത ഭരണസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സർക്കാർ നേരിട്ട് നൽകുന്ന ഗ്രാന്റിന് പുറമേ നിയമസഭ അംഗങ്ങളുടെ വിഹിതത്തിൽ നിന്നോ പാർലമെൻറ് അംഗങ്ങളുടെ വിഹിതത്തിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി എറണാകുളം മഹാരാജാസ് കോളേജിന് ഫണ്ട് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി എവിടെനിന്ന് എത്ര രൂപ വീതം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ; ടി പ്രവർത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ഡി) എറണാകുളം മഹാരാജാസ് കോളേജ് ഭരണസമിതിയിൽ സ്ഥലത്തെ പ്രതിനിധീകരിക്കുന്ന നിയമസഭ സാമാജികനെയോ പാർലമെൻറ് അംഗത്തെയോ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>ശാന്തൻപാറ ഗവ. കോളേജ് വികസനത്തിന് ഭൂമി ലഭ്യമാക്കൽ</u>**

1666 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാന്തൻപാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ വികസനത്തിന് ആവശ്യമായ അഞ്ച് ഏക്കർ സ്ഥലം ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

**<u>നെയ്യാറ്റിൻകര കുളത്തൂർ ഗവ. കോളേജിനായി സ്ഥലം ഏറ്റെടുക്കൽ</u>**

1667 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവ. കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ 2025-26 വർഷത്തിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>ഫിസിക്സിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്ന നടപടി</u>**

1668 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ സർക്കാർ കോളേജുകളിൽ ഫിസിക്സിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ കുറവാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) വരുന്ന അധ്യയന വർഷം ഏതെല്ലാം കോളേജുകളിലാണ് ഫിസിക്സ് ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കാനായി അനുമതി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഏതെല്ലാം സർക്കാർ കോളേജുകൾക്കാണ് പുതുതായി ഫിസിക്സ് ബിരുദാനന്തര ബിരുദ കോഴ്സ് അടുത്ത വർഷം ആരംഭിക്കുന്നതിന് അംഗീകാരം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം സർക്കാർ കോളേജുകൾക്കാണ് ഫിസിക്സിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

## കൊടുങ്ങല്ലൂർ കെ. കെ. റ്റി. എം. ഗവണ്മെന്റ് കോളേജിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം

1669 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ കെ. കെ. റ്റി. എം. കോളേജിൽ വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിനായി 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

## ഇ.കെ. നായനാർ മെമ്മോറിയൽ ഗവ. കോളേജിൽ പി.ജി. കോഴ്സുകൾ

1670 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ മലയോര, കുടിയേറ്റ മേഖലയായ എളേരിത്തട്ടിൽ പ്രവർത്തിക്കുന്ന ഇ.കെ.നായനാർ മെമ്മോറിയൽ ഗവ. കോളേജിൽ പി.ജി. കോഴ്സുകൾ എന്നനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കോടഞ്ചേരി ഗവ. കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

1671 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവ. കോളേജിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി എസ്.പി.വി യുടെ നിർദ്ദേശങ്ങൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കിനാനൂർ- കരിന്തളം ഗവ. കോളേജ് കെട്ടിട നിർമ്മാണം

1672 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ ഫണ്ടുകൾ ഉപയോഗിച്ചാണ് കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചതെന്നും പ്രസ്തുത ഫണ്ടുകൾ സംബന്ധിച്ച് ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

## ഹിന്ദി ബിരുദ പഠനത്തിന് ലഭ്യമായ സീറ്റുകൾ

1673 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഗവൺമെന്റ് എയ്ഡഡ് / അൺ എയ്ഡഡ് കോളേജുകളിൽ ഹിന്ദി ബിരുദ പഠനത്തിന് ലഭ്യമായ സീറ്റുകളുടെ എണ്ണം കോളേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) തിരൂർ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ് എയ്ഡഡ് / അൺ എയ്ഡഡ് കോളേജുകളിൽ ഹിന്ദി ബിരുദ പഠനത്തിന് ലഭ്യമായ സീറ്റുകളുടെ എണ്ണം കോളേജ് തിരിച്ച് ലഭ്യമാക്കാമോ;

(സി) തിരൂർ നിയോജക മണ്ഡലത്തിൽ ഗവൺമെൻറ് എയ്ഡഡ് കോളജുകളിൽ ഹിന്ദി ബിരുദ കോഴ്സുകൾ പുതുതായി ആരംഭിക്കുമോ എന്ന് അറിയിക്കാമോ?

## എയ്ഡഡ് കോളേജുകളിലെ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ

1674 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 2024-25 അധ്യയന വർഷം വിവിധ നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ എയ്ഡഡ് കോഴ്സുകളിലും സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിലും ലഭ്യമായ പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം സർവ്വകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ, ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകൾ എന്നിവയുടെ ആകെ എണ്ണം എയ്ഡഡ് കോഴ്സുകളുടേതും, സെൽഫ് ഫിനാൻസിംഗ് കോഴ്സുകളുടേതും പ്രത്യേകം പ്രത്യേകമായി കോളേജ്, സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലും ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളിലും 2024-25 അധ്യയന വർഷം ലഭ്യമായ പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം, പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ആകെ എണ്ണം, ഒഴിഞ്ഞ് കിടക്കുന്ന ആകെ സീറ്റുകളുടെ എണ്ണം എന്നിവ എയ്ഡഡ് കോഴ്സുകളുടേതും സെൽഫ് ഫിനാൻസിംഗ് കോഴ്സുകളുടേതും പ്രത്യേകം പ്രത്യേകമായി കോളേജ്, സർവ്വകലാശാല തിരിച്ചു ലഭ്യമാക്കാമോ?

## 2026-ലെ യു. ജി. സി. കരട് ഭേദഗതി നിർദേശങ്ങൾ

1675 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യ സംഹിതയ്ക്കും നിരക്കാത്തതും ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാത്തതുമാണ് കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന 2026-ലെ കരട് യു.ജി.സി. ഭേദഗതി നിർദേശങ്ങൾ എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സർവ്വകലാശാലകളുടെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നടത്തിപ്പിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര ശതമാനം വീതമാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാന സർക്കാരുകളുടെ അധീനതയിലുണ്ടായിരുന്ന ഏതെല്ലാം അധികാരാവകാശങ്ങളാണ് പ്രസ്തുത ഭേദഗതിയിലൂടെ അട്ടിമറിക്കാൻ ശ്രമിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയെ കച്ചവടവത്ക്കരിക്കുന്നതിനും മത-വർഗ്ഗീയ ആശയ പ്രചരണത്തിനുമായുള്ള കേന്ദ്രസർക്കാർ നീക്കത്തെ തുറന്ന് കാണിക്കുന്നതിനും നേരിടുന്നതിനും ആവശ്യമായ എന്തെല്ലാം ശ്രമങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

## പുതുതായി അനുവദിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1676 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.06.2016 മുതൽ 31.12.2024 വരെയുള്ള കാലയളവിൽ എയ്ഡഡ്/ഗവൺമെന്റ് മേഖലകളിൽ അനുവദിച്ച ആർട്സ് ആൻഡ് സയൻസ് കോളേജ്, പോളിടെക്നിക്, എഞ്ചിനീയറിങ് കോളേജ്, എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) എയ്ഡഡ് മേഖലയിൽ ആർക്കെല്ലാമാണ് പ്രസ്തുത സ്ഥാപനങ്ങൾ അനുവദിച്ചതെന്ന വിവരം നൽകാമോ?

## നാലുവർഷ ബിരുദ കോഴ്സിൽ പ്രവേശനം നേടിയ വിദ്യാർഥികൾ

1677 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സിൽ ഈ വർഷം പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം എത്രയാണ്; സർവ്വകലാശാല തിരിച്ചുള്ള വിശദാംശം അറിയിക്കുമോ?

## പാമ്പാടി ആർ. ഐ. ടി. നവീകരണം

1678 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി ആർ. ഐ. ടി. നവീകരണത്തിനായി 2021ൽ അഞ്ചു കോടി രൂപ അനുവദിച്ചിരുന്നോ; എങ്കിൽ ഏത് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കായാണ് തുക അനുവദിച്ചതെന്നും നിർവഹണ ഏജൻസി ആരാണെന്നും അറിയിക്കുമോ; പ്രസ്തുത തുക ചെലവഴിച്ച് പ്രവൃത്തികളെല്ലാം നിർവഹിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ; പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നിർവഹിക്കുന്നതിനായി ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്യാൻ നിർവഹണ ഏജൻസി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും തുടർന്ന് വകുപ്പ് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

## <u>ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ഓഡിറ്റ്</u>

1679 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് എ.ജി. ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഏറ്റവും ഒടുവിൽ എപ്പോഴാണ് ഓഡിറ്റ് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഡിറ്റിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>എം.ടെക്ക് കോഴ്സുകളുടെ വിവരങ്ങൾ</u>

1680 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റതിന് ശേഷം അനുവദിച്ച എം.ടെക്ക് കോഴ്സുകളുടെ വിശദവിവരങ്ങൾ നൽകാമോ; അതിൽ ഏതൊക്കെ എം.ടെക്ക് കോഴ്സുകളാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ;

(ബി) പുതുതായി എം.ടെക്ക് അനുവദിച്ച സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ഗവൺമെന്റ്, എയ്ഡഡ്, സ്വകാര്യമേഖല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കോഴ്സുകളിൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാതെ അനുവദിച്ച കോഴ്സുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ പുതുതായി അനുവദിച്ച എം.ടെക്ക് കോഴ്സുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ഇ) സർക്കാരിന് സാമ്പത്തിക ബാധ്യത വരാത്തവിധം കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ പുതിയ എം.ടെക്ക് കോഴ്സുകൾ അനുവദിക്കുന്നത് പരിഗണിക്കാമോ?

## <u>ടെക്നിക്കൽ ഹൈസ്കൂൾ ക്യാമ്പസിൽ എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുന്നതിന് നടപടി</u>

1681 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ എവിടെയൊക്കെ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ബ്ലോക്കിലെ ടെക്നിക്കൽ ഹൈസ്കൂൾ ക്യാമ്പസിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുന്നതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് വികസനത്തിന് ഭൂമി ലഭ്യമാക്കൽ

1682 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനാവശ്യമായ ഭൂമി ലഭ്യമല്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) കോളേജിന്റെ വികസനത്തിനായി ഭൂമി വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മഞ്ചേരി നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി

1683 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾക്ക് ഉന്നത സാങ്കേതിക വിദ്യാഭ്യാസം നൽകുവാൻ പര്യാപ്തമായ രീതിയിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ എൻജിനീയറിങ് കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതുതായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മഞ്ചേരി ഗവൺമെൻറ് പോളിടെക്നിക് കോളേജിൽ കോഴ്സുകളുടെയും, കുട്ടികളുടെയും അനുപാതത്തിന് അനുസരിച്ച് അനധ്യാപക-അധ്യാപക തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ 2025-26 അധ്യയന വർഷം മുതൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ഈവനിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(എഫ്) മഞ്ചേരി പാണ്ടിക്കാട് അസാപ്പ് സ്കിൽ പാർക്കിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഗവ. പോളിടെക്നിക് തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

1684 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭരണാനുമതി ലഭിച്ച മുക്കം ഗവ. പോളിടെക്നിക് ആരംഭിക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കിയാൽ താൽക്കാലികാടിസ്ഥാനത്തിൽ പോളിടെക്നിക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പോളിടെക്നിക്കിന് ഭൂമി ലഭ്യമാക്കുന്ന പ്രവർത്തനം ഇപ്പോൾ ഏതെങ്കിലും തലത്തിൽ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**പയ്യന്നൂർ വനിത റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം**

1685 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ വനിത റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ അക്കാദമിക് ബ്ലോക്ക് പൂർത്തീകരിക്കുന്നതിനായി പ്ലാൻഫണ്ടിൽ നിന്ന് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; വിശദമാക്കാമോ?

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പോളിടെക്നിക് നിർമ്മാണം**

1686 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പോളിടെക്നിക് ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

**മഞ്ചേശ്വരം മണ്ഡലത്തിൽ പോളിടെക്നിക് കോളേജ്**

1687 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പോളിടെക്നിക് കോളേജ് തുടങ്ങുന്നതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത അധ്യായന വർഷം പോളിടെക്നിക് കോളേജ് തുടങ്ങാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

**ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സംഗീത ജലധാര**

1688 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ (പ്ലാനറ്റോറിയം) സംഗീത ജലധാരയും ലേസർ പ്രദർശനവും നിലവിൽ പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ എന്നു മുതലാണ് ഇവ പ്രവർത്തിക്കാതായത് എന്നറിയിക്കുമോ;

(ബി) സംഗീത ജലധാരയും ലേസർ പ്രദർശനവും പ്രവർത്തിക്കാത്തതിനാൽ നാളിതുവരെ എത്ര രൂപ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്; ആയത് പ്രവർത്തനക്ഷമമാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കുമോ?

## ഐ. എച്ച്. ആർ. ഡി. ഡയറക്ടറുടെ യോഗ്യതകളിൽ ഇളവ്

1689 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഡയറക്ടറുടെ യോഗ്യതയിൽ ഇളവ് വരുത്തി സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഐ.എച്ച്.ആർ.ഡി നിയമാവലി പ്രകാരം യോഗ്യതകളിൽ ഇളവ് വരുത്താനുള്ള അധികാരം ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമായിരിക്കേ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇളവ് വരുത്തിയത് ക്രമപ്രകാരമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഡയറക്ടർ നിയമനത്തിന് ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; അദ്ദേഹത്തിന്റെ വിദ്യാഭ്യാസ /അധ്യാപന പരിചയ യോഗ്യതകൾ എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഐ.എച്ച്.ആർ.ഡിയിൽ സ്ഥിരം ഡയറക്ടറെ നിയമിക്കുന്നതിനുള്ള അഭിമുഖം പൂർത്തിയായോയെന്നും എത്രപേർ അഭിമുഖത്തിൽ പങ്കെടുത്തുവെന്നും ആരെയാണ് നിയമനത്തിന് ശിപാർശ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ; സ്ഥിരനിയമനം വൈകുന്നതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(ജി) ഡയറക്ടറുടെ യോഗ്യതയിൽ ഇളവ് വരുത്തിക്കൊണ്ടുള്ള സർക്കാർ തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ ഹർജി നിലവിലുണ്ടോ; എങ്കിൽ ആരാണ് ഹർജ്ജി ഫയൽ ചെയ്തതെന്നും സർക്കാർ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ; ഹർജിയിൽ സർക്കാരിന്റെ നിലപാട് എന്താണ് എന്നും വ്യക്തനമാക്കാമോ?

## കുറവിലങ്ങാട് സയൻസ് സിറ്റി

1690 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് സയൻസ് സിറ്റിയുടെ അവസാനഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) നിർമ്മാണം പുരോഗമിക്കുന്ന സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടത്തിൽ സയൻസ് സെന്ററും അനുബന്ധ സൗകര്യങ്ങളും പൊതുജനങ്ങൾക്ക്

തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(സി) 2014-ൽ നിർമ്മാണം ആരംഭിച്ച കുറവിലങ്ങാട് സയൻസ് സിറ്റിയുടെ പൂർത്തീകരണത്തിലെ കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സയൻസ് സിറ്റിയുടെ രണ്ടാം ഘട്ടത്തിലെ പ്ലാനറ്റേറിയം ഉൾക്കൊള്ളുന്ന സ്പേസ് തിയേറ്ററിന്റെയും മോഷൻ സിമുലേറ്ററിന്റെയും സംഗീത ജലധാരയുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഇ) 2024-25 വർഷം കുറവിലങ്ങാട് സയൻസ് സിറ്റിയ്ക്കായി അനുവദിച്ചതും ഭരണാനുമതി നൽകിയതുമായ 7.805 കോടി രൂപയുടെ പദ്ധതിയിലെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(എഫ്) സന്ദർശകരിൽ ശാസ്ത്ര അവബോധവും ശാസ്ത്ര അഭിരുചിയും വളർത്തിയെടുക്കുന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനമായാണ് സയൻസ് സിറ്റിയെ വിഭാവനം ചെയ്തിരിക്കുന്നതെന്നതിനാൽ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന സൗകര്യം സയൻസ് സിറ്റിയിൽ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം

1691 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടേറ്റിൽ നിന്നും ആവശ്യപ്പെട്ട എക്കണോമിക്കൽ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവൃത്തി സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടേറ്റ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കുമോ; കെട്ടിടനിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുംമെന്ന് വ്യക്തമാക്കുമോ?

## പുനലൂർ ഗവൺമെൻറ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

1692 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ഗവൺമെൻറ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്ന വിഷയത്തിൽ 02.09.2024-ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പുനലൂർ മണ്ഡലത്തിലെ കുളത്തൂപ്പുഴയിൽ ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിനെ ഗവൺമെൻറ് പോളിടെക്നിക് കോളേജ് ആയി ഉയർത്തുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) അഞ്ചലിൽ സി-ആപ്റ്റിന്റെ ഉപകേന്ദ്രം തുടങ്ങണമെന്ന ആവശ്യം സി-ആപ്റ്റിന്റെ 41-മത് ഗവേണിംഗ് ബോഡി യോഗം പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കുമോ;

(ഇ) 2023-24 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന സി-ആപ്റ്റിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ഭരണാനുമതിക്ക് സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; ഭരണാനുമതി എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

## <u>കെ. ജി. ടി. ഇ. ടൈപ്പ്റൈറ്റിഗ് പരീക്ഷാ നോട്ടിഫിക്കേഷൻ</u>

1693 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ൽ നടത്തേണ്ട കെ. ജി. ടി. ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയുടെ നോട്ടിഫിക്കേഷൻ എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരീക്ഷാ നടത്തിപ്പിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാവർഷം രണ്ട് പരീക്ഷകൾ വീതം യഥാസമയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയുടെ ചോദ്യപേപ്പർ പരീക്ഷ കഴിഞ്ഞയുടൻ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുന്നതിനുള്ള വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷ നിർത്തലാക്കുന്നതിന് ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

## <u>കോഴിക്കോട് വെസ്റ്റ് ഹിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസനം</u>

1694 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ് ഹിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസനത്തിനായി ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സ്കൂളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ്

1695 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൽ പലിശ ഇനത്തിൽ ആവശ്യപ്പെട്ട തുക സംബന്ധിച്ച് സ്പഷ്ടീകരണം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; ഈ വിഷയത്തിന്റെ ഫയൽ ഒരു നടപടിയും സ്വീകരിക്കാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ സൂക്ഷിക്കുന്നതിന്റെ കാരണം അറിയിക്കാമോ;

(ബി) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ 25.09.2024-ലെ ജെ2/62/2023 നമ്പർ കത്തിന്മേൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് ആവശ്യമായ ഫണ്ട് അർത്ഥനാധികാരി (കളക്ടർ) റവന്യൂ വകുപ്പിന് കൈമാറാനുള്ള കാലതാമസത്തിന് കാരണമെന്താണെന്നറിയിക്കുമോ ; കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

## കമ്പ്യൂട്ടർ കോഴ്സുകളുടെ അംഗീകാരം

1696 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സ്ഥാപനങ്ങളുടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സർട്ടിഫിക്കറ്റുകൾക്കാണ് അംഗീകാരമുള്ളത്; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ സഹിതം ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ജോലിക്കുള്ള കമ്പ്യൂട്ടർ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാരാണെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ അംഗീകാരമുള്ള കമ്പ്യൂട്ടർ കോഴ്സ് സർട്ടിഫിക്കറ്റുകൾക്ക് സംസ്ഥാനത്ത് പ്രത്യേക അംഗീകാരത്തിന്റെ ആവശ്യമുണ്ടോ; സംസ്ഥാന സർക്കാർ ജോലിക്ക് പ്രസ്തുത സർട്ടിഫിക്കറ്റുകൾ അംഗീകരിക്കുമോ; വിശദമാക്കാമോ;

(ഡി) കേന്ദ്രസർക്കാറിന് കീഴിൽ രജിസ്റ്റർ ചെയ്ത ഇന്ദിരാ ഗാന്ധി നാഷണൽ എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സുകൾക്ക് സംസ്ഥാനത്ത് അംഗീകാരം ഉണ്ടോ; ഉത്തരവിന്റെ പകർപ്പുകൾ സഹിതം വിശദമാക്കാമോ?

**<u>ഐ.എച്ച്.ആർ.ഡി യുടെ നിയന്ത്രണത്തിൽ കോന്നിയിലും കലഞ്ഞൂരിലും ഉള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ</u>**

1697 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി യുടെ നിയന്ത്രണത്തിൽ കോന്നിയിലും കലഞ്ഞൂരിലും ഉള്ള അപ്ലൈഡ് സയൻസ് കോളേജുകളിൽ പുതിയതായി കോഴ്സുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**<u>ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എൻജിനീയറിംഗ്) തസ്തികയിലെ ഒഴിവുകൾ</u>**

1698 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എൻജിനീയറിംഗ്) തസ്തികയിലെ എത്ര ഒഴിവുകളാണ് നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലെ അടുത്ത മൂന്നു വർഷത്തെ പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

**<u>കോഴിക്കോട് വെസ്റ്റ് ഹിൽ ഗവൺമെന്റ് പോളിടെക്നിക്കൽ കോളേജിന്റെ വികസനം</u>**

1699 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ് ഹിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ വികസനത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വെസ്റ്റ് ഹിൽ ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ്, ഗവൺമെന്റ് പോളിടെക്നിക്കൽ കോളേജ്, ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ നിലനിൽക്കുന്ന സ്ഥലം ഉൾപ്പെടുത്തി കോഴിക്കോട് സാങ്കേതികവിദ്യാലയ സമുച്ചയം നിർമ്മിക്കുന്ന വിഷയം പരിഗണിക്കുമോ?

**<u>ഉന്നത വിദ്യാഭ്യാസ കോൺക്ലേവ്</u>**

1700 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരും ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി കുസാറ്റിൽ വച്ച് സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ വിദേശ

രാജ്യങ്ങളിൽ നിന്നും പങ്കെടുത്ത പ്രതിനിധികളുടെ പേരും ഔദ്യോഗിക പദവിയും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കോൺക്ലേവിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കോൺക്ലേവിന്റെ നടത്തിപ്പിനും ചെലവുകൾക്കുമായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) കോൺക്ലേവിനനുബന്ധമായി ഏതെല്ലാം സ്ഥാപനങ്ങളുടെ സ്റ്റാളുകൾ സജ്ജീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) കോൺക്ളേവിൽ ക്ഷണിക്കപ്പെട്ട വി.സി.മാരും മുൻ വി.സി.മാരും ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(എഫ്) കോൺക്ളേവിന്റെ വിവിധ സെഷനുകളിൽ സംബന്ധിക്കുന്നതിന് ക്ഷണിക്കപ്പെട്ട സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വി.സി.മാരിൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റി വി.സി.യെ ഒഴിവാക്കിയിരുന്നോ എന്ന വിവരം അറിയിക്കുമോ; എങ്കിൽ ഒഴിവാക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

## സർവകലാശാലകളുടെ ഫണ്ട് വിനിയോഗം

1701 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ ശമ്പള വിതരണത്തിനും പെൻഷൻ വിതരണത്തിനും ഓരോ സർവകലാശാലയും തങ്ങളുടെ തനത് ഫണ്ടിൽ നിന്നും 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഓരോ സർവകലാശാലയും തങ്ങളുടെ തനത് ഫണ്ടിൽ നിന്നും 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും വിവിധ നിർമാണേതര പദ്ധതികൾക്ക് ഓരോ സർവകലാശാലയും തങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) അതത് സാമ്പത്തികവർഷം സംസ്ഥാന ബജറ്റിൽ സർവകലാശാലകൾക്ക് പ്ലാൻ , നോൺപ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും സർക്കാർ അനുവദിക്കാതിരുന്നത് മൂലം 2016-17 സാമ്പത്തികവർഷം മുതൽ സർവകലാശാലകൾ തങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുകയെടുത്ത് പ്ലാൻ, നോൺ പ്ലാൻ ചെലവുകൾ പൂർത്തീകരിച്ചതിന്റെ വിശദാംശം സാമ്പത്തികവർഷം തിരിച്ച് ലഭ്യമാക്കാമോ?

## സർവകലാശാല ഗ്രാന്റ്

1702 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാലകൾക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക; നാളിതുവരെ അനുവദിച്ച തുക എന്നിവ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം സർവകലാശാലകൾക്ക് പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുകയുടെ അൻപത് ശതമാനം വെട്ടിക്കുറക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അൻപത് ശതമാനം കുറവു വരുത്തി സർവകലാശാലകൾ സമർപ്പിച്ച പുതുക്കിയ പ്രപ്പോസൽ പ്രകാരം ഓരോ സർവ്വകലാശാലക്കും പ്ലാൻ ഗ്രാന്റിനത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിക്കേണ്ട തുക,നാളിതുവരെ സർക്കാർ അനുവദിച്ച തുക തുടങ്ങിയ വിശദാംശങ്ങൾ സർവകലാശാല തിരിച്ചു ലഭ്യമാക്കാമോ;

(സി) സംസ്ഥാന ബജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക പൂർണമായും അനുവദിക്കാതിരുന്നതു മൂലം, 2017-2018 മുതൽ 2022-2023 വരെയുള്ള കാലയളവിൽ വിവിധ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലിക്കറ്റ് സർവകലാശാല തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 28.42 കോടി രൂപ തിരികെ ആവശ്യപ്പെട്ടു സമർപ്പിച്ച അപേക്ഷ നിരസിച്ചു കൊണ്ട് മറുപടി നല്കിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക സർവ്വകലാശാലയ്ക്ക് ലഭ്യമാക്കുന്നതിന് അനുകൂലമായ തിരുമാനം പിന്നീട് സ്വീകരിച്ചോയെന്നും തുക തിരികെ നല്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിദേശ വിദ്യാർത്ഥികൾ

1703 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഒരു ജനപക്ഷ-വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യാനും ഉന്നതവിദ്യാഭ്യാസമേഖലയെ ആഗോള ഹബ്ബാക്കി മാറ്റുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് കീഴിൽ പഠനം നടത്തുന്നതിനായി അപേക്ഷിച്ചിട്ടുള്ളതും അഡ്മിഷൻ നേടിയിട്ടുള്ളതുമായ വിദേശ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിവരം അക്കാഡമിക് വർഷം തിരിച്ചും സർവ്വകലാശാല തിരിച്ചും ലഭ്യമാക്കുമോ?

## പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കാനുള്ള പ്രപ്പോസലുകൾ

1704 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കാനുള്ള സർക്കാർ നിർദേശ പ്രകാരം സർവകലാശാലകൾ സമർപ്പിച്ച പ്രപ്പോസലുകൾ എന്തൊക്കെയാണെന്ന് സർവകലാശാല അടിസ്ഥാനത്തിൽ നൽകാമോ?

## വൈസ് ചാൻസലർമാരുടെ ഒഴിവ്

1705 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര യൂണിവേഴ്സിറ്റികളിൽ നിലവിൽ സ്ഥിരം വൈസ് ചാൻസലർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

## യു. ജി. സി. കരട് മാർഗരേഖ

1706 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പുറത്തിറക്കിയ പുതിയ കരട് മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇത് സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെയും ഉന്നതവിദ്യാഭ്യാസ മേഖലയെയും ഏതൊക്കെ വിധത്തിലാണ് ബാധിക്കുന്നതെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## സംസ്ഥാനത്ത് പഠിക്കുന്ന വിദേശ വിദ്യാർഥികൾ

1707 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി കേരളത്തിൽ എത്തുന്ന സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര വിദേശ വിദ്യാർത്ഥികളാണ് സംസ്ഥാനത്ത് വിദ്യാഭ്യാസം ചെയ്തുവരുന്നതെന്ന് കോഴ്സ് തിരിച്ച് വ്യക്തമാക്കുമോ?

## ഓഫ് ക്യാംപസ് പദ്ധതി

1708 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം കേരളത്തിന് പുറത്തേക്ക് വ്യാപിപ്പിക്കാനും അതുവഴി സർവ്വകലാശാലകളുടെ പ്രവർത്തനം വിപുലീകരിക്കുവാനുമുള്ള ഓഫ് ക്യാംപസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസമേഖലയിൽ ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## സർവകലാശാലകളുടെ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ

1709 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർവകലാശാലകളിൽ ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച സമഗ്രവിവരങ്ങൾ

സാങ്കേതികവിദ്യയുടെ സഹായത്തോടെ ശേഖരിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) വിദ്യാർത്ഥികൾക്ക് ആധാർ അധിഷ്ഠിത ഒറ്റത്തവണ രജിസ്ട്രേഷനും ലോഗിൻ ഐ.ഡി.യും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥികൾക്ക് ഏതൊരു കോഴ്സിനും ചേരുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും പ്രസ്തുത ലോഗിൻ ഐ.ഡി.യിലൂടെ അപേക്ഷിക്കുന്നതിനും അനുബന്ധ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്ന വിധത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

## കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ സ്ഥാപിക്കൽ

1710 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് സ്വതന്ത്ര സ്വഭാവമുള്ള കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ സ്ഥാപിക്കൽ, വിദ്യാർത്ഥികൾക്ക് കോളേജുകൾക്ക് പുറമെ സർവ്വകലാശാല മാറുവാൻ അവസരം, കൂടാതെ നാലുവർഷ ബിരുദം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പൊതു അക്കാദമിക് കലണ്ടർ നടപ്പിലാക്കൽ എന്നീ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നിർവഹിക്കാനാവശ്യമായ നിയമനിർമ്മാണം എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

## സർവകലാശാലകളിലെ കരാർ /ദിവസവേതന ജീവനക്കാർ

1711 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ സർക്കാർ ഖജനാവിൽ നിന്നും വേതനം പറ്റുന്ന ജീവനക്കാരുടെ ആകെ എണ്ണം അറിയിക്കാമോ;

(ബി) ഇതിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടുള്ളവർ എത്രയെന്ന് വ്യക്തമാക്കാമോ?

## സയൻസ് പാർക്കിന് കേരള സർവകലാശാലയുടെ ഭൂമി

1712 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയുടെ ഭൂമി സ്വകാര്യ സംരംഭകരുമായി ചേർന്ന് നടത്തുന്ന സയൻസ് പാർക്കിനു സൗജന്യമായി വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ആയത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നേരത്തെ സെനറ്റ് തീരുമാനിച്ച നിബന്ധനകൾക്ക് വിരുദ്ധമായാണോ പ്രസ്തുത ഭൂമി നൽകാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതിക സർവകലാശാലയുടെയും ഉന്നത വിദ്യാഭാസ കൗൺസിലിന്റെയും ആസ്ഥാന മന്ദിരങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി വിട്ടു നൽകണമെന്ന സർക്കാർ

നിർദേശം സർവകലാശാല നിരസിച്ചിരുന്നോ; വ്യക്തമാക്കാമോ?

**<u>മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പുതിയ ക്യാമ്പസ്</u>**

1713 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ അധീനതയിൽ മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പുതിയ ക്യാമ്പസ് നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>എറണാകുളം മഹാരാജാസ് കോളേജിന്റെ ഓട്ടോണമസ് പദവി</u>**

1714 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിന് നിലവിൽ ഓട്ടോണമസ് പദവി ഉണ്ടോ; ഏതു വർഷം വരെയാണ് പ്രസ്തുത പദവി ഉണ്ടായിരുന്നത്; ആയതിനുള്ള തുടർ അംഗീകാരം ലഭിക്കാതിരിക്കാൻ കാരണമെന്താണ്; വിശദമാക്കാമോ;

(ബി) എം.ജി. സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എത്ര ഓട്ടോണമസ് കോളേജുകൾ നിലവിലുണ്ട്; പ്രസ്തുത കോളേജുകൾക്ക് ഓട്ടോണമസ് പദവിയ്ക്കുള്ള തുടർ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) മഹാരാജാസ് കോളേജ് കഴിഞ്ഞ അഞ്ച് വർഷമായി ഓട്ടോണമസ് പദവിക്കുള്ള തുടർ അംഗീകാരം ലഭിക്കാതെ പ്രവർത്തിക്കുന്നത് ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലമാണെന്ന് വിശദമാക്കാമോ?

**<u>അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനത്തിന് അംഗീകാരം</u>**

1715 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് ഓഫ് എൻജിനീയറിംഗ് -ലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അഞ്ച് അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരിക്കുന്ന ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയൽ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പ്രസ്തുത നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ</u>**

1716 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2024 ജനുവരി മുതൽ നാളിതുവരെ യൂണിവേഴ്സിറ്റി

അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്ര ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ബി) 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകളാണ് ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ എന്നിവയ്ക്ക് വേണ്ടി മാറ്റിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസ്തുത തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്നും അവയിൽ എത്രയെണ്ണം ദീർഘകാല അവധി/ ഡെപ്യൂട്ടേഷൻ എന്നിവയ്ക്ക് വേണ്ടി മാറ്റിവെക്കുമെന്നും എത്ര ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യുമെന്നും വ്യക്തമാക്കുമോ;

(ഡി) 09.12.2024 ലെ സർക്കാർ ഉത്തരവ് (നം.) ഉപ.സി3/200/2024/പി&എ ആർ ഡി പ്രകാരം 2025-ലെ എല്ലാ മുൻകൂർ ഒഴിവുകളും 2024 ഡിസംബർ 25-ന് മുമ്പ് പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകാലാശാലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഗവർണർക്കെതിരെയുള്ള കേസുകളുടെ ചെലവ്

1717 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിലെ വിവിധ വിഷയങ്ങളിൽ ഗവർണർക്കെതിരെയുള്ള കേസുകൾക്കായി സർവകലാശാലകളും സർക്കാരും നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ ഇനിയും ബാക്കിനൽകുവാനുള്ള തുകയുടെ വിവരങ്ങൾ അറിയിക്കാമോ?

## സംസ്കൃത സർവകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ

1718 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയ്ക്ക് സംസ്ഥാനത്ത് എത്ര പ്രാദേശിക കേന്ദ്രങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഓരോ കേന്ദ്രങ്ങളിലും എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും എത്ര സ്ഥിരം അധ്യാപകരെയും എത്ര താൽക്കാലിക അധ്യാപകരെയും പ്രസ്തുത കേന്ദ്രങ്ങളിൽ നിയമിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ എണ്ണം കുറവായ കോഴ്സുകളും പ്രാദേശിക കേന്ദ്രങ്ങളും നിർത്തലാക്കുവാൻ സർവകലാശാല തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

## ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പഠനകേന്ദ്രങ്ങൾ

1719 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിലവിൽ എത്ര പഠനകേന്ദ്രങ്ങളാണ് ഉള്ളതെന്നും എത്ര പഠിതാക്കളുണ്ടെന്നും വ്യക്തമാക്കാമോ?

**<u>ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഡ്യുവൽ ഡിഗ്രി</u>**

1720 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഡ്യുവൽ ഡിഗ്രി സംവിധാനം സാധ്യമാണോയെന്ന് വ്യക്തമാക്കാമോ?

**<u>അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ കോഴ്സിന് അംഗീകാരം</u>**

1721 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ എം.എ. (ഇക്കണോമിക്സ്) ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സിന് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരമുണ്ടോ; യൂണിവേഴ്സിറ്റി തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കോഴ്സിന് സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരം മുൻപ് ഉണ്ടായിരുന്നോ; ഏതു വർഷം വരെയാണ് അംഗീകാരം ഉണ്ടായിരുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത കോഴ്സിന്റെ അംഗീകാരം ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>സർവ്വകലാശാലകൾക്കുള്ള പദ്ധതി വിഹിതം</u>**

1722 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പ്ലാൻ ഗ്രാന്റിനത്തിലും,നോൺപ്ലാൻ ഗ്രാന്റിനത്തിലും സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് അതത് വർഷത്തെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക, ഓരോ സർവ്വകലാശാലയ്ക്കും അനുവദിച്ച തുക, വകയിരുത്തിയ തുക പൂർണ്ണമായും അനുവദിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം തുടങ്ങിയ വിശദാംശങ്ങൾ സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പ്ലാൻ,നോൺ പ്ലാൻ വിഭാഗങ്ങളിൽ ഓരോ സർവ്വകലാശാലയും ചെലവഴിച്ച ആകെ തുക, പ്രസ്തുത തുകയിൽ സർവ്വകലാശാലകളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വന്ന തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2022-23 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിനത്തിൽ അനുവദിക്കാൻ ബാക്കിയുള്ള അവസാന ഗഡു അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള 10.05.2023 തീയതിയിലെ ബി1/73/2023/ഉ.വി.വ

നമ്പർ കത്ത് പ്രകാരം സർവ്വകലാശാലകളെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ഡി) നോൺ പ്ലാൻ ഗ്രാന്റിനത്തിലെ അവസാന ഗഡു തടഞ്ഞുകൊണ്ടുള്ള സർക്കാർ തീരുമാനം മൂലം ഓരോ സർവ്വകലാശാലയ്ക്കും നഷ്ടമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത തുക സർവ്വകലാശാലകൾക്ക് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നു വിശദമാക്കാമോ?

## സർക്കാർ കോളേജുകളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സുകൾ

1723 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അധ്യായന വർഷം മുതൽ സർക്കാർ കോളേജുകളിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; കോഴ്സുകളുടെ വിവരം കോളേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ എം.എ. അറബിക് കോഴ്സ് ആരംഭിക്കാൻ 02/03/2016ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ അനുമതി നൽകുകയും (നം. 8693) 14/03/2017ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകരിക്കുകയും ചെയ്തിട്ടും ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഇറങ്ങാത്തതിനാൽ കോഴ്സ് ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഉത്തരവ് ഇറങ്ങാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) 16 മണിക്കൂർ ജോലിഭാരം ഉണ്ടായിട്ടും പല കോളേജുകളിലും പല അധ്യാപക തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നത് പരിഗണിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ചുരുങ്ങിയത് ഒൻപതു മണിക്കൂറെങ്കിലും ജോലിഭാരമുള്ള അവസാന തസ്തിക/ സിംഗിൾ ഫാക്കൽറ്റി എന്നിവയിൽ സ്ഥിര അധ്യാപകരെ നിയമിക്കാത്തതു മൂലം അധ്യാപകരും വിദ്യാർത്ഥികളും ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതുവായി നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള തസ്തികകൾ നിലനിർത്തുകയും സൃഷ്ടിക്കപ്പെടാത്ത തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു കൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിട ചോർച്ച പരിഹരിക്കാൻ നടപടി

1724 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ചോർച്ച പരിഹരിക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുന്നോട്ടു വച്ച നിർദ്ദേശവും ഇതിന്മേലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ വിദഗ്ദാഭിപ്രായവും വിശദമാക്കാമോ;

(സി) ചോർച്ച പരിഹരിച്ച് പ്ലാനറ്റോറിയം എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## സ്വകാര്യ സർവ്വകലാശാലകൾ തുടങ്ങാൻ നടപടി

1725 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ തുടങ്ങുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വകലാശാലകൾ തുടങ്ങുന്നത് സംബന്ധിച്ച് സർക്കാരിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

## ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ യു.ജി, പി.ജി പ്രോഗ്രാമുകൾ

1726 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ എത്ര യു.ജി, പി.ജി പ്രോഗ്രാമുകളാണ് ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

## എ. ജി. ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്

1727 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തങ്ങൾ സംബന്ധിച്ച് ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരളാ സാങ്കേതിക സർവ്വകലാശാലയിലെ ഓഡിറ്റ്

1728 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ചെയ്തിട്ടുണ്ടോ; ഏറ്റവും ഒടുവിലായി എപ്പോഴാണ് ഓഡിറ്റ് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഡിറ്റിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഐ.ഇ.ഡി. വിഭാഗം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻഡ്

1729 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന ഐ.ഇ.ഡി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനായി കോളേജ് തലത്തിൽ തന്നെ സ്ക്രൈബിനെ സംഘടിപ്പിച്ചു നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ?

**<u>കാലിക്കറ്റ് സർവ്വകലാശാല ഭൂമിയിലെ കൈവശങ്ങൾ</u>**

1730 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമി, കെട്ടിടങ്ങൾ എന്നിവ ഏതെങ്കിലും സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ, സംഘടനകൾക്കോ, സൊസൈറ്റികൾക്കോ പാട്ടത്തിനോ,വാടകയ്ക്കോ, സൗജന്യമായോ അനുവദിച്ചിട്ടുണ്ടെങ്കിൽ , കരാർ പ്രാബല്യത്തിൽ വന്ന തീയതി, പുതുക്കിയ തീയതി , പാട്ട /വാടക തുക, പുതുക്കി നിശ്ചയിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; പാട്ടകരാർ/വാടക കരാർ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങളുടെയും, സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഭൂമിയുടെ പാട്ടത്തുകയിനത്തിലും കെട്ടിടങ്ങളുടെ വാടകയിനത്തിലും സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ, സൊസൈറ്റികൾ എന്നിവയിൽ നിന്നും സർവ്വകലാശാലയ്ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിന്റെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പാട്ടതുക/വാടക എന്നുമുതൽ നിലവിലുള്ളതാണെന്ന് വ്യക്തമാക്കാമോ; പാട്ടതുക/ വാടകകുടിശ്ശിക വരുത്തിയവരുടെ വിശദാംശങ്ങളും, അവരിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ഡി) കാലിക്കറ്റ് സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമിയുടെ പാട്ടത്തുകയും , കെട്ടിടങ്ങളുടെ വാടകയും അവസാനമായി പുതുക്കി നിശ്ചയിച്ചതെന്നാണെന്ന് വിശദമാക്കാമോ; യഥാസമയം തുക പുതുക്കി നിശ്ചയിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഭൂമിയുടെ പാട്ടത്തുകയും കെട്ടിടങ്ങളുടെ വാടകയും പുതുക്കി നിശ്ചയിക്കാത്തതു മൂലം സർവ്വകലാശാലയ്ക്ക് വർഷം തോറും ഭീമമായ തുക നഷ്ടപ്പെടുന്നതായി ഓഡിറ്റ് പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഓഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ</u>**

1731 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി നൈപുണ്യവികസന കോഴ്സുകളും കരിയർ പ്ലാനിങ്ങും നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) നൈപുണ്യ വികസനം, കരിയർ പ്ലാനിംഗ് തുടങ്ങിയ മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ?

## കെ-റീപ്പ് പദ്ധതി

1732 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റീപ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പും ബന്ധപ്പെട്ട ഏജൻസികളും സ്ഥാപനങ്ങളും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ മുഖേന അസാപ് കേരള വഴി എം.കെ.സി.എൽ എന്ന മഹാരാഷ്ട്ര കമ്പനിയെ തെരഞ്ഞെടുതത് എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനിയുടെ സ്വഭാവം, ഉടമസ്ഥർ, മുൻകാല പരിചയം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

1733 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് തുടർ ഗവേഷണങ്ങൾക്കായി നൽകിവരുന്ന നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനുവേണ്ടി ലഭിച്ച അപേക്ഷകൾ പ്രകാരം 20 -4 -2024 ന നടത്തിയ കൂടിക്കാഴ്ചയുടെ സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണവും ലിസ്റ്റിന്റെ നിലവിലെ സ്ഥിതിയും അത് എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയുമെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ; വിശദമാക്കുമോ ?

## സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം

1734 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജക മണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## മാരക രോഗം ബാധിച്ചവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നൽകുന്ന പ്രതിമാസ ധനസഹായം

1735 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാൻസർ ഉൾപ്പെടെയുള്ള മാരക രോഗം ബാധിച്ചവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നൽകുന്ന പ്രതിമാസ ധനസഹായത്തിൽ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; ഈ കുടിശ്ശിക എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക

1736 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിൽ സാമൂഹ്യനീതി വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും പദ്ധതി അടിസ്ഥാനത്തിൽ അറിയിക്കാമോ?

## പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തിയ പദ്ധതികൾ

1737 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് സാമൂഹ്യനീതി വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നതെന്നും എത്ര ശതമാനം വരെ വെട്ടിക്കുറവ് സംഭവിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) വെട്ടിക്കുറവ് വരുത്തിയ ഓരോ പദ്ധതിയുടെയും നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

## ആശ്വാസകിരണം ധനസഹായ വിതരണം

1738 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതിയിൽ നിന്നുള്ള ധനസഹായ വിതരണം മുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ തുക മുടങ്ങിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്ന ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ആശ്വാസ കിരണം പദ്ധതിയിൽ നിന്നും അവസാനമായി ധനസഹായ വിതരണം നടത്തിയത് എപ്പോഴാണെന്ന് വിശദമാക്കുമോ;

(ഡി) ആശ്വാസ കിരണം പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനായി എത്ര അപേക്ഷകൾ പരിഗണിക്കാനുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നിർത്തലാക്കുന്ന കാര്യം സർക്കാർ ആലോചനയിലുണ്ടോ;

(എഫ്) 2018 മുതൽ ധനസഹായത്തിനായി അപേക്ഷിച്ചവരുടെ അപേക്ഷയിൻമേൽ എന്തു കൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്നും കുടിശ്ശികയായ ധനസഹായ വിതരണം എപ്പോൾ നടത്തുമെന്നും വിശദമാക്കുമോ?

## ഭിന്നശേഷി പുനരധിവാസ ഗ്രാമം പദ്ധതി

1739 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ ഭിന്നശേഷി പുനരധിവാസ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിനായുള്ള ഡി.പി.ആർ. തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; ഇതിനായുള്ള തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതികൾ

1740 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ ജനങ്ങൾക്ക് ആശ്വാസം നൽകിവരുന്ന എത്ര പദ്ധതികൾ നിലവിലുണ്ട്;

(ബി) ഓരോ പദ്ധതിക്കും കീഴിൽ ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളിൽ നിലവിൽ എത്രമാസം കുടിശ്ശികയുണ്ടെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ?

## "സ്വയം പ്രഭാ ഡേകെയർ സെന്ററുകൾ"

1741 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം പുതിയതായി "സ്വയം പ്രഭാ ഡേകെയർ സെന്ററുകൾ" ആരംഭിച്ചിട്ടുണ്ടോ; നിലവിൽ ഇത്തരത്തിലുള്ള എത്ര സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) മുതിർന്ന പൗരന്മാർക്ക് പരസ്പരം ഇടപഴകാനും തമ്മിലറിയാനും അവസരം നൽകി അവരുടെ ഏകാന്തതയും സമ്മർദ്ദവും കുറയ്ക്കുന്നതിന് പ്രസ്തുത സെന്ററുകൾ എത്രത്തോളം സഹായകരമാണ്; ഇതുവഴി മറ്റെന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

## ആശ്വാസ കിരണം പദ്ധതിയിലെ കുടിശിക

1742 **ഡോ. എം. കെ. മുനീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലനശേഷി ഇല്ലാത്തവരെയും മാനസികവും ശാരീരികവുമായ വെല്ലുവിളി നേരിടുന്ന കിടപ്പു രോഗികളെയും പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതി മുഖേന നൽകിവരുന്ന ധനസഹായ വിതരണത്തിൽ കുടിശിക വരുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) 2018 മാർച്ചിന് ശേഷം അപേക്ഷ സമർപ്പിച്ചവരെ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) അർഹതപ്പെട്ട എല്ലാവർക്കും ധനസഹായം കുടിശിക കൂടാതെ വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ആശ്വാസകിരണം

1743 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ആശ്വാസകിരണം ഉൾപ്പെടെയുള്ള പദ്ധതികളിലെ കുടിശിക കാരണം ഗുണഭോക്താക്കൾ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ

1744 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്നും അവയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) സാമൂഹ്യനീതി വകുപ്പ് മുഖേന അർഹരായവർക്ക് മുച്ചക്ര വാഹനം നൽകുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## അംഗനവാടി പെൻഷൻ

1745 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗനവാടികളിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ കൃത്യമായി ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇവർക്ക് നൽകുന്ന പെൻഷൻ തുക

എത്രയാണെന്നും തുച്ഛമായ പ്രസ്തുത പെൻഷൻ കൃത്യമായി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും അറിയിക്കുമോ ;

(ബി) നിലവിൽ എത്ര മാസത്തെ പെൻഷൻ തുകയാണ് വിതരണം ചെയ്യുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) അംഗനവാടി പെൻഷൻ ലഭിക്കുന്നുവെന്ന കാരണത്താൽ ഇവർക്ക് ലഭിച്ചു കൊണ്ടിരുന്ന 1600 രൂപയുടെ ക്ഷേമ പെൻഷൻ 600 രൂപയായി കുറച്ചിട്ടുണ്ടോ;എങ്കിൽ എന്തടിസ്ഥാനത്തിലാണെന്നും ഏത് ശിപാർശ പ്രകരമാണെന്നും അറിയിക്കുമോ ;

(ഡി) തുച്ഛമായ അംഗനവാടി പെൻഷൻ വർദ്ധിപ്പിച്ചു കൃത്യമായി എല്ലാ മാസവും നൽകുന്നതിനും 1600 രൂപ ക്ഷേമ പെൻഷൻ നിലനിർത്തി നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## സവിശേഷ സഹായം ആവശ്യമായ കുട്ടികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്

1746 **ശ്രീ പി എസ് സുപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ട കുട്ടികളിൽ പഠന വൈകല്യമുള്ള എത്ര കുട്ടികൾക്ക് സവിശേഷ സഹായം ആവശ്യമായി വരുമെന്ന കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത കുട്ടികൾക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ ഐ.ക്യൂ. അസസ്സ്മെൻറ് നടത്തി മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇവർക്ക് അടിയന്തരമായി പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പുനലൂരിൽ പ്രത്യേക മെഡിക്കൽ ബോർഡ് കൂടുന്നതിനായി കൊല്ലം ഡി.എം.ഒ. തലത്തിൽ ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നിപ്മർ

1747 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി പുനരധിവാസമേഖലയിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ (നിപ്മർ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പുതിയ പദ്ധതികളോ പ്രവർത്തനങ്ങളോ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഭിന്നശേഷി കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'റിഥം' പദ്ധതി

1748 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ എം മുകേഷ്**
**ശ്രീ. ലിന്റോ ജോസഫ്**

**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി കലാകാരൻമാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വരുമാനം കണ്ടെത്തുന്നതിനും ലക്ഷ്യമിട്ട് 'റിഥം' എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭിന്നശേഷി കലാകാരൻമാരെ കണ്ടെത്തുന്നതിനായി പ്രത്യേകമായ സ്ക്രീനിംഗ് ഏർപ്പെടുത്തുന്നുണ്ടോ; ഏതൊക്കെ കലാരൂപങ്ങളാണ് റിഥം ഷോയിൽ അവതരിപ്പിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഭിന്നശേഷി കലാകാരന്മാരുടെ ജീവിതത്തിൽ എത്രത്തോളം സ്വാധീനം ചെലുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

## സാമൂഹ്യ സുരക്ഷാ മിഷൻ

1749 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 2024-25 സാമ്പത്തികവർഷം ഏതെല്ലാം മാരക രോഗങ്ങൾ പിടിപെട്ടവർക്കുള്ള സഹായമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ട്രാൻസ്ജെന്ററുകൾക്കു വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ

1750 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെന്ററുകളുടെ പുനരധിവാസവും ക്ഷേമവും മുൻനിർത്തി എന്തൊക്കെ ക്ഷേമ പദ്ധതികളാണ് വകുപ്പ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്നും; ഈ വർഷം പ്രസ്തുത പദ്ധതികൾക്കായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## വയോജന കമ്മീഷന്റെ രൂപീകരണവും പ്രവർത്തനങ്ങളും

1751 **ശ്രീ. എം. എം. മണി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും മാർഗ്ഗനിർദ്ദേശം നൽകുക, വയോജനങ്ങൾക്ക് പുനരധിവാസവും നിയമസഹായവും നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വയോജന കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള വയോജന ക്ഷേമ പദ്ധതികൾ വിപുലമാക്കുന്നതിനും അതിന്റെ നേട്ടം കൂടുതൽ പേരിലേയ്ക്ക് എത്തിക്കുന്നതിനും വയോജന കമ്മീഷന്റെ രൂപീകരണം എത്രത്തോളം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

## മിശ്രവിവാഹ ധന സഹായ അപേക്ഷകൾ

1752 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മിശ്ര വിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ എത്രയെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുമുള്ള വിവരം ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ധനസഹായം സമയബന്ധിതമായി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള നടപടികൾ

1753 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ട് വർഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ അവസരങ്ങളിലായി എൻഡോസൾഫാൻ ദുരിതബാധിതർക്ക് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഇവയിൽ ഇതിനോടകം പാലിക്കപ്പെട്ടതും അല്ലാത്തതും ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ലിസ്റ്റിൽ എത്ര എൻഡോസൾഫാൻ ദുരിതബാധിതരാണുള്ളതെന്നും ഇവർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകിയ ആശുപത്രികൾക്ക് കുടിശ്ശിക നൽകുവാൻ ഉണ്ടോയെന്നും എങ്കിൽ ഇത് ഏതെല്ലാം ആശുപത്രികൾക്കെന്നും വിശദമാക്കാമോ?

## വയോജനകമ്മീഷൻ

1754 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വയോജന നയം വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വയോജന കമ്മീഷന്റെ ഘടന എപ്രകാരമാണ്;

(ബി) വയോജന കമ്മീഷന് അർദ്ധ ജുഡീഷ്യറി അധികാരങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) വയോജന കമ്മീഷൻ മുഖാന്തിരം എപ്രകാരമാണ് വയോജനങ്ങൾക്ക് നീതി നിർവ്വഹണം ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

## ആശ്വാസ കിരണം പദ്ധതി

1755 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന ആശ്വാസ കിരണം പദ്ധതിയിൽ നാല് വർഷത്തിലധികമായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ധനസഹായം ലഭിക്കാത്തതുമൂലം രോഗികളും അവരെ പരിചരിക്കുന്നവരും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് അടിയന്തരമായി കുടിശിക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; എത്ര മാസത്തെ കുടിശിക കൊടുത്ത് തീർക്കുവാൻ ഉണ്ടെന്ന് അറിയിക്കുമോ; കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം മാസംതോറും അനുവദിക്കുന്ന തുക നാമമാത്രമായതിനാൽ അത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## ലൈബ്രറി കൗൺസിലിനുള്ള സർക്കാർ ഗ്രാന്റ്

1756 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി സർക്കാർ നൽകുന്ന തുക ലൈബ്രറി കൗൺസിൽ എപ്രകാരമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സാമ്പത്തികവർഷവും സർക്കാർ ഗ്രാൻറിൽ വ്യത്യാസം വരുന്നുണ്ടോ; 2021-22 മുതൽ 2024-25 വരെ ഓരോ ജില്ലാ ലൈബ്രറി കൗൺസിലിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ലൈബ്രറികളെ ആധുനികവത്കരിക്കുവാനും കമ്പ്യൂട്ടർവത്കരിക്കുവാനുമുള്ള നടപടികൾ വിശദീകരിക്കാമോ; ഈ പദ്ധതി എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളുടെ കെട്ടിടങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ആയതിന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

## ലൈബ്രറി സെസ് തുകയുടെ വിനിയോഗം

1757 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾ വഴി കെട്ടിട ഉടമകളിൽ നിന്ന് പിരിക്കുന്ന ലൈബ്രറി സെസ് വഴി പ്രതിവർഷം എത്ര രൂപയാണ് ലഭിക്കുന്നത്; എന്ന് മുതലാണ് ലൈബ്രറി സെസ് ഏർപ്പെടുത്തിയത്; ഇതിനായി ഉത്തരവ് ഇറക്കാൻ ശിപാർശ നൽകിയത് ഉന്നത വിദ്യാഭ്യാസ വകുപ്പാണോ;

(ബി) പ്രസ്തുത സെസ് ഏർപ്പെടുത്തിയ കാലം മുതൽ ഇതു വരെ എത്ര തുക ഈയിനത്തിൽ ലഭിച്ചിട്ടുണ്ട്; എത്ര ലൈബ്രറികൾക്കായിട്ടാണ് ഈ തുക പ്രയോജനപ്പെടുത്തുന്നത്;

ഈ ലൈബ്രറികളെല്ലാം സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളവയാണോ; ഈ തുക ലൈബ്രറിയുടെ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ടോ;

(സി) ഈ തുക ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നുണ്ടോ; എത്ര തുകയാണ് പ്രതിവർഷം കൗൺസിലിനായി നീക്കിവയ്ക്കുന്നത്; ലൈബ്രറി കൗൺസിലിലെ അംഗങ്ങളുടെ ഓണറേറിയം എത്രയാണ്;

(ഡി) ലൈബ്രറി കൗൺസിലിന്റെ താലൂക്ക്, ജില്ലാ, സംസ്ഥാന ഓഫീസുകളിലായി എത്ര ജീവനക്കാരാണ് സ്ഥിരവും താൽക്കാലികവുമായി ജോലി ചെയ്യുന്നത്; ഇവർക്കു ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ പണം കണ്ടെത്തുന്നത് സംസ്ഥാന സർക്കാർ നൽകുന്ന വിഹിതത്തിൽ നിന്നാണോ; ഈ തുക ലൈബ്രറി സെസ് വഴിയാണോ കണ്ടെത്തുന്നത്; വിശദമാക്കാമോ?

## <u>ഇ-ചെക്ക്പോസ്റ്റ്</u>

1758 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ചെക്ക്പോസ്റ്റ് നിലവിൽ വന്ന ശേഷം മോട്ടോർ വാഹന വകുപ്പിലെ ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് പരിശോധന നടക്കാറുണ്ടോ; ഇപ്രകാരം പരിശോധനയിൽ അഴിമതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഓൺലൈൻ വാഹന ചെക്ക്പോസ്റ്റ് മൊഡ്യൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഓൺലൈനായി അടച്ച രസീതുകൾ പ്രിന്റ് എടുത്ത് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥരിൽ നിന്നും സീൽ പതിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഇതിനാധാരമായ സാഹചര്യങ്ങൾ വിശദമാക്കുമോ;

(സി) ഇപ്രകാരം ഒരു നിർദ്ദേശം നൽകിയത് ചെക്ക് പോസ്റ്റിലെ അഴിമതി വർദ്ധിപ്പിക്കുമെന്ന് വിലയിരുത്തലുണ്ടോ; എല്ലാം ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഡിജിറ്റലായി നടത്തിയ ഇടപാടിന്റെ പ്രിന്റ് എടുത്ത് ചെക്ക് പോസ്റ്റിൽ ഹാജരാക്കണമെന്ന വ്യവസ്ഥ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിനുള്ള നടപടി</u>

1759 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത നിയമലംഘനങ്ങൾ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പൊതുജനങ്ങൾക്ക് ഗതാഗത നിയമലംഘനങ്ങൾ പരിവാഹൻ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യാൻ സാധിക്കുമോ; വിശദമാക്കാമോ;

(സി) പരിവാഹൻ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യുന്ന നിയമലംഘനങ്ങൾക്ക് ചുമത്തുന്ന പിഴത്തുകയിൽ നിന്നും നേരിയതെങ്കിലും ഒരു വിഹിതം ഇൻസന്റീവ് മാതൃകയിൽ റിപ്പോർട്ട് ചെയ്യുന്ന ആളിന് ലഭിക്കുന്ന വിധത്തിൽ സംവിധാനം ഏർപ്പെടുത്താമോ:

ഇതിലൂടെ നിയമലംഘനങ്ങൾ തടയുന്നതിൽ പൊതുജനത്തിന് ഉള്ള പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ നടപടി സ്വീകരിക്കാമോ?

## ഗതാഗത സംവിധാനം പ്രകൃതിസൗഹൃദമാക്കാൻ നടപടി

1760 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത സംവിധാനം പ്രകൃതിസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇലക്ട്രിക്, സോളാർ വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദീകരിക്കുമോ;

(സി) വൈദ്യുതി വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.യുമായി സഹകരിച്ച് കൂടുതൽ ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പൊതുഗതാഗത സംവിധാനത്തെ കൂടുതലായി ആശ്രയിക്കുന്നതിനും അതുവഴി ഇന്ധനത്തിന്റെ ഉപയോഗവും വാഹനാപകടങ്ങളും കുറയ്ക്കുന്നതിനും വേണ്ടി പ്രചരണപരിപാടികൾ സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കാമോ?

## പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് മാറ്റുന്ന നടപടി

1761 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിലേയ്ക്ക് മാറ്റുന്ന നിർദ്ദേശം പരിഗണനയിൽ ഉണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഫയൽ ഗതാഗത വകുപ്പിൽ നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ഫയൽ നമ്പർ, കൈകാര്യം ചെയ്യുന്ന സെക്ഷൻ എന്നിവ ഏതെന്നും അറിയിക്കാമോ?

## 2023 നാറ്റ്പാക് റിപ്പോർട്ട്

1762 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിവായി അപകടം നടക്കുന്ന റോഡുകൾ കണ്ടെത്താനായി ഗതാഗത വകുപ്പിന്റെ നിർദേശപ്രകാരം 2023-ൽ നാറ്റ്പാക്ക് നടത്തിയ പഠനത്തിന്റെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പഠനത്തിന്റെ ഭാഗമായി അപകടകരമായ റോഡ് ഭാഗങ്ങൾ പുനർനിർമ്മിക്കണമെന്നും കൂടുതൽ റോഡ് സുരക്ഷാ മാർഗങ്ങൾ നടപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ നിർദേശങ്ങൾ എന്തൊക്കെ ആയിരുന്നുവെന്നും, അവയിൽ ഏതൊക്കെ നടപ്പിലാക്കിയെന്നും വ്യക്തമാക്കുമോ?

## പനയംപാടം വളവിലെ അപകടങ്ങൾ നിയന്ത്രിക്കാൻ നടപടി

1763 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കോഴിക്കോട് ദേശീയ പാതയിൽ പനയംപാടം വളവിൽ അപകടങ്ങൾ പെരുകി വരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റോഡിന്റെ അശാസ്ത്രീയമായ നിർമ്മിതിയാണ് ഇതിനുള്ള കാരണമെന്ന് മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ അപകടരഹിതമാക്കുവാൻ ശാശ്വത നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## റോഡപകടങ്ങൾ കുറയ്ക്കാൻ പ്രായോഗിക നടപടികൾ

1764 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ റോഡപകടങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(സി) ട്രാഫിക് സിഗ്നലുകൾ രാത്രികാലങ്ങളിൽ അണയ്ക്കുന്നതുമൂലം റോഡപകടങ്ങൾ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രധാനപ്പെട്ട ജംഗ്ഷനുകളിലെ ട്രാഫിക് സിഗ്നലുകൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കണമെന്ന് റോഡ് സുരക്ഷാ അതോറിറ്റി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) റോഡപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിനായി നിയമം കർശനമാക്കുന്നതുൾപ്പെടെ കൂടുതൽ പ്രായോഗിക നടപടികൾ സ്വീകരിക്കുമോ?

## സ്ഥിരം അപകടമേഖലകളിൽ യാത്രാസുരക്ഷ ഉറപ്പാക്കാൻ നടപടി

1765 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ സ്ഥിരം അപകടമേഖലകളിൽ യാത്രാസുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പാലക്കാട് നാല് സ്കൂൾ വിദ്യാർഥികളുടെ ജീവനെടുത്ത കരിമ്പ പനയംപാടം വളവിൽ അപകടസാധ്യതാ മുന്നറിയിപ്പ് നൽകിയ റിപ്പോർട്ടുകൾ അവഗണിക്കാനുള്ള കാരണം വിശദമാക്കുമോ;

(സി) സ്ഥിരം അപകടമേഖലകളിലെ അപകട കാരണം കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>റോഡ് അപകടങ്ങളുടെ കണക്ക്</u>

1766 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ സംസ്ഥാനത്ത് ഓരോ വർഷവും നടന്ന റോഡ് അപകടങ്ങളുടെയും ഇതിൽ മരണമടഞ്ഞവരുടെയും കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ?

## <u>റോഡപകടങ്ങൾ കുറയ്ക്കുവാനുള്ള മാസ്റ്റർ പ്ലാൻ</u>

1767 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ 2030-ഓടെ പകുതിയായി കുറയ്ക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ റോഡ് സുരക്ഷാ അതോറിറ്റി തയ്യാറാക്കിയിരുന്നോ എന്നറിയിക്കുമോ;

(ബി) ഈ പദ്ധതി പഠിച്ച് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാനിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; അവ എത്രത്തോളം നടപ്പിലാക്കാൻ കഴിഞ്ഞു; വിശദമാക്കുമോ?

## <u>നാറ്റ്പാക് റിപ്പോർട്ട്</u>

1768 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങൾ ചൂണ്ടിക്കാട്ടി നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) 2019-ൽ റോഡ് സുരക്ഷാ അതോറിറ്റിക്ക് റിപ്പോർട്ട് നല്കിയിരുന്നോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) അപകടഭീക്ഷണിയുള്ള ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാട്ടി 2021, 2023 വർഷങ്ങളിൽ നാറ്റ്പാക് റോഡ് സുരക്ഷാ അതോറിറ്റിക്ക് റിപ്പോർട്ട് നല്കിയിരുന്നോ; ഉണ്ടെങ്കിൽ

പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>വാഹനാപകടങ്ങൾ കുറയ്ക്കുവാൻ നടപടി</u>**

1769 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങളും അതിനെ തുടർന്നുള്ള മരണങ്ങളും വർദ്ധിച്ചുവരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് എല്ലാ ആശുപത്രികളിലും സൗജന്യ ചികിൽസ നൽകുന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) അലക്ഷ്യമായി വാഹനം ഓടിക്കുന്നവരെയും മദ്യപിച്ച് വാഹനമോടിക്കുന്നവരെയും കണ്ടെത്തുന്നതിനും രാത്രികാല വാഹനപരിശോധന കർശനമാക്കുന്നതിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) കെ. എസ്.ആർ.ടി.സി. ബസ് ഡ്രൈവർമാർ മദ്യപിച്ചും അലക്ഷ്യമായും വാഹനം ഓടിക്കുന്നത് കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; ഇത്തരത്തിൽ വാഹനം ഓടിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെട്ട അപകടങ്ങളിൽ എത്രയാളുകൾക്ക് ജീവഹാനി സംഭവിച്ചുവെന്നും എത്രയാളുകൾക്ക് പരിക്കേറ്റുവെന്നുമുള്ള വിശദാംശം നൽകുമോ; പ്രസ്തുത അപകടങ്ങൾക്ക് കാരണക്കാരായവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എഫ്) സ്വകാര്യബസുകൾ, ടിപ്പർ ലോറികൾ, കെ.എസ്.ആർ.ടി.സി. ബസുകൾ എന്നിവയുടെ അമിത വേഗത്തിന് നിയന്ത്രണമേർപ്പെടുത്തുന്നതിനും ഗതാഗത നിയമപരിപാലനം കർശനമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

**<u>സമ്പൂർണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ്</u>**

1770 **ശ്രീ. പി. നന്ദകുമാർ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കാൻ ലക്ഷ്യമിട്ട് സമ്പൂർണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിയമ ലംഘനം കണ്ടെത്തി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) നിയമലംഘകർക്ക് പിഴ ചുമത്തിയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതിനു ശേഷം അപകടമരണ സംഖ്യയിൽ കുറവുണ്ടായിട്ടുണ്ടോ; ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## റോഡ് സുരക്ഷാ ഓഡിറ്റ്

1771 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മുതൽ ആര്യങ്കാവ് കോട്ടവാസൽ വരെയുള്ള ഭാഗത്ത് തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മോട്ടോർ വാഹനവകുപ്പ്, പൊതുമരാമത്ത് റോഡ് വിഭാഗം, അഗ്നിരക്ഷാ സേന, പഞ്ചായത്ത് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള സംയുക്ത സംഘം നടത്തിയ റോഡ് സുരക്ഷ ഓഡിറ്റിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) ദേശീയപാത അതോറിറ്റിയുമായി ആലോചിച്ച് പ്രസ്തുത റിപ്പോർട്ടിന്മേൽ അടിയന്തര നടപടികൾ കൈക്കൊള്ളുമോ; എന്തൊക്കെ സുരക്ഷാക്രമീകരണങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ദേശീയപാതയിൽ പുനലൂർ മുതൽ ആര്യങ്കാവ് കോട്ടവാസൽ വരെയുള്ള ഭാഗത്ത് ദീർഘദൂരം യാത്ര ചെയ്തുവരുന്ന ചരക്കുവാഹനങ്ങളിലെ ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നത് തുടർച്ചയായി അപകടങ്ങൾക്ക് കാരണമാകുന്നു എന്നത് റോഡ് സുരക്ഷ ഓഡിറ്റിൽ കണ്ടെത്തിയിരുന്നതിനാൽ ആയത് ഒഴിവാക്കുന്നതിനായി ആര്യങ്കാവ് ചെക്കു പോസ്റ്റിനോട് ചേർന്ന് മോട്ടോർ വാഹന വകുപ്പിന്റെ സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യാനും ഡ്രൈവർമാർക്ക് വിശ്രമിക്കാനും സൗകര്യമൊരുക്കുകയും ശൗചാലയങ്ങൾ ഉൾപ്പെടെ നിർമിച്ചുനൽകുന്നതിനും നടപടിയെടുക്കുമോ; വിശദമാക്കാമോ?

## അപകടസാധ്യത ഒഴിവാക്കുന്നതിനുള്ള റോഡ് സുരക്ഷ നടപടികൾ

1772 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയിലെ അഞ്ചൽ-ആയൂർ, അഞ്ചൽ-കുളത്തുപ്പുഴ, അഞ്ചൽ -പുനലൂർ തുടങ്ങിയ പ്രധാന പാതകൾ സംഗമിക്കുന്ന അഞ്ചൽ പട്ടണത്തിലും, അഞ്ചൽ മാർക്കറ്റ് ജങ്ഷനിലും റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ട്രാഫിക് പരിഷ്കരണങ്ങളും സിഗ്നൽ സംവിധാനവും, അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പുനലൂർ-കുളത്തുപ്പുഴ മലയോര ഹൈവേയിൽ കരവാളൂർ മാമൂട് വളവിൽ, അപകടകരമായ വളവിനെക്കുറിച്ചും, അപകടസാധ്യതയെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്ന ബോർഡുകളോ, ബ്ലിങ്കർ പോലെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങളോ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കൊല്ലം ആശ്രാമം മുനീശ്വരൻ കോവിൽ റോഡിൽനിന്ന് ശങ്കേഴ്സ് ഹോസ്പിറ്റലിലേയ്ക്ക് പോകുന്ന റോഡിൽ കുറവാൻപാലം ഇറക്കത്തിലെ വളവിൽ തുടർച്ചയായി അപകടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ചു മാസത്തിനുള്ളിൽ നിരവധി അപകടങ്ങളും മൂന്നു മരണങ്ങളും ഉണ്ടായ സാഹചര്യത്തിൽ പൊതുമരാമത്ത് വിഭാഗവുമായി കൂടി ആലോചിച്ച് പ്രസ്തുത

ഭാഗത്ത് അടിയന്തര സുരക്ഷാ ക്രമീകരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ വിശദമാക്കാമോ?

**<u>പൊതു നിരത്തുകളിലെ ട്രാഫിക് സിഗ്നലുകൾ</u>**

1773 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു നിരത്തുകളിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ ട്രാഫിക് സിഗ്നൽ സംവിധാനങ്ങളിലും പൂർണ്ണ സമയ നിരീക്ഷണം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ വാഹനങ്ങൾ ഉൾപ്പെടെയുള്ള പൊതു ഗതാഗത സംവിധാനങ്ങൾ ട്രാഫിക് സിഗ്നലുകൾ തെറ്റിക്കുന്നത് പരിശോധിക്കുന്നതിനും പിഴ ചുമത്തുന്നതിനും കൂടുതൽ മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എ ഐ ക്യാമറ ഉൾപ്പെടെയുള്ള ആധുനിക മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി ട്രാഫിക് സിഗ്നലുകൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തിരുവനന്തപുരം നഗര പരിധിയിൽ ഉൾപ്പെട്ട പ്രത്യേകിച്ച് പുളിമൂട് ജംഗ്ഷൻ, ജി.പി.ഒ. പോലുള്ള സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ തെറ്റിക്കുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനും പിഴ ചുമത്തുന്നതിനും ബോധവത്കരണം നടത്തുന്നതിനും മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**<u>ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ വഴി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

1774 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൃശ്ശൂർ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ വഴി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവിനങ്ങളുടെയും വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ട്രാഫിക് സിഗ്നലുകളും മിനിമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്ന പദ്ധതി പ്രകാരം ആയത് എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്ന് വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ എ ഐ ക്യാമറകൾ</u>**

1775 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഇടങ്ങളിലായി മോട്ടോർവാഹന വകുപ്പ് സ്ഥാപിച്ചിട്ടുള്ള എ ഐ ക്യാമറകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എത്ര നിയമലംഘനങ്ങളാണ് എ ഐ ക്യാമറകൾ മൂലം കണ്ടെത്താനായതെന്നും എത്ര രൂപയുടെ പിഴ ഈടാക്കിയെന്നും ഏത് ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ്

ഈ തുക ക്രമീകരിച്ചിട്ടുള്ളതെന്നും, ഇതിന്റെ വിനിയോഗം എപ്രകാരമാണെന്നും അറിയിക്കാമോ;

(സി) എ ഐ ക്യാമറ സ്ഥാപിച്ചിട്ടുള്ള ഇനത്തിൽ നിർവ്വഹണ ഏജൻസിക്ക്, കരാർ സ്ഥാപനത്തിന് എത്ര രൂപയാണ് സർക്കാർ നൽകിയിട്ടുള്ളതെന്നും ഏത് ഫണ്ടിൽ നിന്നാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

## കാൽനടയാത്രക്കാർ ഉൾപ്പെടുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി

1776 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൽനടയാത്രക്കാർ ഉൾപ്പെടുന്ന അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഇത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനും കാൽനടയാത്രക്കാർക്ക് കൂടുതൽ സുരക്ഷ ഒരുക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) കാൽനടയാത്രക്കാർ റോഡ് മുറിച്ച് കടക്കുന്നത് കാരണമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെപ്പറ്റി വിശദമാക്കാമോ?

## ട്രാവൽ കാർഡ് സമ്പ്രദായം

1777 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ട്രാവൽ കാർഡ് സമ്പ്രദായം എന്നു മുതൽ തുടങ്ങിയെന്നും എന്നു മുതലാണ് നിർത്തലാക്കിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമ്പ്രദായം നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ട്രാവൽ കാർഡ് സമ്പ്രദായത്തിൽ എത്ര പേർ അംഗങ്ങളായെന്നും കാർഡിൽ തുക ബാക്കിയുള്ളവർക്ക് തിരിച്ചുനൽകുവാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്നും ഇതുമായി ബന്ധപ്പെട്ട് എന്ത് തുക കെ.എസ്.ആർ.ടി.സി.യുടെ പക്കലുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി തുടർന്നും നല്ല രീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ?

## പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക

1778 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം ഗതാഗത വകുപ്പിന് പദ്ധതി അടങ്കലിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ബസുകളിൽ വയോജനങ്ങൾക്ക് യാത്രാനിരക്കിൽ ഇളവ്

1779 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ വയോജനങ്ങൾക്ക് യാത്രാനിരക്കിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇവർക്ക് യാത്രാനിരക്കിൽ ഇളവ് നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

## പുതുക്കാട് മൊബിലിറ്റി ഹബ്ബ്

1780 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. വക ദേശീയപാതയോട് ചേർന്ന വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് ഒരു മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ വരുമാനം വർദ്ധിപ്പിക്കൽ

1781 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ കൂടുതൽ വരുമാനപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) മാവൂർ റോഡ് കെ.എസ്.ആർ.ടി.സി. കെട്ടിടത്തിലെ കടമുറികൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കോടതി നടപടികളുടെ ഭാഗമായി എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചത്;

(സി) മാവൂർ റോഡ് കെ.എസ്.ആർ.ടി.സി. കെട്ടിടം യാത്രക്കാർക്ക് കൂടുതൽ ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി. വരുമാനം

1782 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി. യുടെ വരുമാനവും ചെലവും വർഷം തിരിച്ച് ലഭ്യമാക്കാമോ;?

## കാട്ടാക്കട കെ.എസ്.ആർ.റ്റി.സി. ഓഫീസ് കമ്പ്യൂട്ടറൈസേഷൻ

1783 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കാട്ടാക്കട കെ.എസ്.ആർ.റ്റി.സി. ഓഫീസ് കമ്പ്യൂട്ടറൈസേഷനു വേണ്ടി എം.എൽ.എ. ഫണ്ടിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരവും ചിലവും

1784 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ആഗസ്റ്റ് മുതൽ 2025 ജനുവരി വരെയുള്ള കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരവും ചെലവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) 2024 മാർച്ച് മുതൽ സ്ഥിരം/താൽക്കാലിക ജീവനക്കാരുടെ നെറ്റ് സാലറി നൽകുന്നതിനായി കെ.എസ്.ആർ.ടി.സി. ക്ക് പ്രതിമാസം എത്ര രൂപ ചെലവുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം കെ.എസ്.ആർ.ടി.സി. പിടിച്ചെടുത്ത നോൺ ഓപ്പറേഷൻ റവന്യൂവിന്റെ ഭാഗമായ എൻ.ഡി.ആർ (നോൺ ഡിപ്പാർട്ട്മെന്റൽ റിക്കവറി) ഇനത്തിലെ തുകയിൽ അതത് ധനകാര്യ സ്ഥാപനങ്ങളിലേക്ക് ഒടുക്കാൻ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

## കെ.എസ്ആ.ർ.ടി.സി. ബസ്സുകളുടെ എണ്ണം

1785 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016-ലെ സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്ആ.ർ.ടി.സി. യിൽ എത്ര ബസ്സുകൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ.എസ്ആ.ർ.ടി.സി. യിൽ എത്ര ബസ്സുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി

1786 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസത്തിലെയും 2024 ഡിസംബർ മാസത്തിലെയും കെ.എസ്.ആർ.ടി.സി.യുടെ ആകെ കടം എത്ര; വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി-ക്ക് സാമൂഹിക ബാധ്യത (സോഷ്യൽ ഒബ്ലിഗേഷൻ) ആയിട്ട് എത്ര രൂപ സർക്കാർ നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ?

## പുൽപ്പള്ളി-കട്ടപ്പന കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ്

1787 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പുൽപ്പള്ളിയിൽ നിന്നും ഇടുക്കി ജില്ലയിലെ കട്ടപ്പനയിലേക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള

അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പുൽപ്പള്ളി, മാനന്തവാടി, കുറ്റ്യാടി. പേരാമ്പ്ര, പെരുവണ്ണാമൂഴി, വിലങ്ങാട് തുടങ്ങിയ പ്രദേശങ്ങളിലെ കുടിയേറ്റ കർഷകർ ഉൾപ്പടെയുള്ള ധാരാളം ജനവിഭാഗങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്നതിനാൽ ഈ റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് ആരംഭിക്കുമോ; വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ

1788 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ പ്രസ്തുത സെന്ററുകൾ തുടങ്ങാൻ തെരഞ്ഞെടുക്കുന്ന കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി ബസ്സുകളുടെ എണ്ണം

1789 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 ലെ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി. യിൽ എത്ര ബസ്സുകൾ പുതുതായി വാങ്ങിയിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) 2016-2021 ലെ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി. യിൽ എത്ര ബസ്സുകൾ പുതുതായി വാങ്ങിയിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി യിൽ എത്ര ബസ്സുകൾ വാങ്ങി എന്ന് വ്യക്തമാക്കാമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

1790 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യിൽ ജോലി നേടിയവരിൽ നിന്നും മറ്റു വകുപ്പുകളിലേക്ക് നിയമനം കിട്ടി പോയവർ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പക്കൽ നിന്നും പങ്കാളിത്ത പെൻഷൻ പ്രകാരം അതാത് മാസങ്ങളിൽ പിടിക്കുന്ന തുക കോർപ്പറേഷന്റെ വിഹിതവും ചേർത്ത് കൃത്യമായി അടക്കാറുണ്ടോ; ഇല്ലെങ്കിൽ എത്ര പേരുടെ തുക അടക്കാനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ പിടിച്ച പണം എത്രപേർക്ക് തിരികെ നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) തിരികെ നൽകാനുള്ളവർക്ക് പണം എന്ന് നൽകുമെന്നും നൽകാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും</u>**

1791 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള ശമ്പളവും പെൻഷനും അതതു മാസം അഞ്ചാം തീയതിക്കകം നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശം ഉണ്ടായിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശപ്രകാരം ശമ്പളവും പെൻഷനും വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇവ കൃത്യമായി വിതരണം ചെയ്യാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രതിമാസ ഫിസിക്കൽ ഡ്യൂട്ടി</u>**

1792 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസം 16 ഫിസിക്കൽ ഡ്യൂട്ടി ഇല്ലെങ്കിൽ സപ്ലിമെന്ററി ആയേ ശമ്പളം നൽകൂ എന്നോ റെഗുലർ ശമ്പളം നൽകുമ്പോൾ ഇത്തരക്കാർക്ക് നൽകില്ലെന്നോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) 'പതിനാറ് ഫിസിക്കൽ ഡ്യൂട്ടി' നിബന്ധന സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രതിമാസംപതിനാറ് ഫിസിക്കൽ ഡ്യൂട്ടി ഇല്ലാത്തവർക്ക് 2022 ആഗസ്റ്റ് മുതൽ നാളിതുവരെ പ്രതിമാസം എത്ര രൂപ ശമ്പള കുടിശ്ശികയുണ്ട്;

(ഡി) കുടിശ്ശികയുടെ പ്രതിമാസ വിശദാംശം ജീവനക്കാരുടെ പേരും തസ്തികയും ഡിപ്പോയും ഉൾപ്പെടെ ലഭ്യമാക്കാമോ;

(ഇ) മേൽ ഉത്തരവ് പുറപ്പെടുവിച്ചത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെയോ യോഗതീരുമാനത്തിന്റെയോ അടിസ്ഥാനത്തിലാണോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലെ നിയമനങ്ങൾ</u>**

1793 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ, ഓപ്പറേഷൻ, ടെക്ക്നിക്കൽ, മെയിന്റനൻസ് & വർക്ക്സ്), ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, മാനേജർ (എം & ഡബ്ല്യൂ), എം.ഇ. ചീഫ് ഓഫീസ്, സി.പി.എസ്., എ.സി.പി.എസ്. എന്നീ തസ്തികകളിലേക്ക്

നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ ഔദ്യോഗിക പദവികൾ വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് ഡിപ്പോ എൻജിനീയർമാരുടെ എണ്ണവും പേര് വിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) ചീഫ് ഓഫീസിൽ എത്ര മെക്കാനിക്കൽ വിഭാഗം ഓഫീസർമാർ ജോലി ചെയ്യുന്നുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

## <u>കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ അദർ ഡ്യൂട്ടി ചെയ്യുന്നവർ</u>

1794 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ അദർ ഡ്യൂട്ടിയിൽ എത്ര കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്കൽ വിഭാഗം ജീവനക്കാരാണ് ജോലി ചെയ്യുന്നത്; അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

## <u>പങ്കാളിത്ത പെൻഷൻ തുക</u>

1795 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ നിന്നും മറ്റു വകുപ്പുകളിലേക്ക് നിയമനം ലഭിച്ച പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരമുള്ള ജീവനക്കാർ എത്രയാണ്; ഇവരുടെ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) ഇവരിൽ നിന്നും ഈടാക്കിയ പങ്കാളിത്ത പെൻഷൻ തുകയും, കോർപ്പറേഷന്റെ വിഹിതവും കൃത്യമായി ഒടുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേരുടെ തുക ഒടുക്കാനുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) മറ്റു വകുപ്പുകളിലേക്ക് നിയമനം ലഭിച്ചവർക്ക് പ്രസ്തുത തുക ഓരോ ജില്ലയിലും എത്രപേർക്ക് തിരികെ നൽകിയിട്ടുണ്ട്; തിരികെ നൽകാനുള്ളവർക്ക് എന്ന് നൽകുമെന്നും നൽകാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കൽ നടപടി</u>

1796 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ശമ്പളം, പെൻഷൻ, മറ്റിനങ്ങൾ എന്നിവയിലേക്കായി സർക്കാർ കെ.എസ്.ആർ.ടി.സി ക്കു നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി യിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി വിതരണം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) വരുമാനവർദ്ധനവിനായി ആരംഭിച്ച വിവിധ പദ്ധതികളിലൂടെ കെ.എസ്.ആർ.ടി.സിക്ക് ഉണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി-യിൽ നിന്നും വിട്ടുതൽ വാങ്ങിയവരുടെ പെൻഷൻ വിഹിതം

1797 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ നിലവിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി-യിൽ ജോലിയിൽ പ്രവേശിച്ചവരുടെ പെൻഷൻ പദ്ധതിയിൽ ഈടാക്കിയ തുക തൊഴിലാളികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി-യിൽ നിന്നും വിട്ടുതൽ വാങ്ങിയവരുടെ പെൻഷൻ വിഹിതം തിരികെ നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എത്രയും വേഗം ഇവർക്ക് തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി. ജീവനക്കാർ

1798 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

1799 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ കണ്ടക്ടർ, ഡ്രൈവർ എന്നീ വിഭാഗങ്ങളിലെ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത വിഭാഗങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

1800 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ എത്ര ഷെഡ്യൂളുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എത്ര ഷെഡ്യൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിർമ്മിച്ചിട്ടുള്ള വാണിജ്യ കേന്ദ്രങ്ങൾ

1801 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിർമ്മിച്ചിട്ടുള്ള വാണിജ്യ കേന്ദ്രങ്ങളിൽ എത്ര സ്റ്റാളുകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഒഴിവുണ്ടെങ്കിൽ ആയവ വാണിജ്യ സ്റ്റാളുകൾക്കായി ലേലം ചെയ്ത് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് പ്രീമിയം സർവ്വീസ്

1802 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിന്നും തിരുവനന്തപുരത്തേയ്ക്ക് കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് പ്രീമിയം സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) പാലക്കാട് നിന്നും മറ്റ് ഏതെല്ലാം സ്ഥലങ്ങളിലേയ്ക്കാണ് സൂപ്പർഫാസ്റ്റ് പ്രീമിയം സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്

1803 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്ക് 2024-25 വർഷത്തെ ബജറ്റ് മറുപടി പ്രസംഗത്തിൽ ധനകാര്യവകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ച അഞ്ചു കോടി രൂപയുടെ എസ്റ്റിമേറ്റ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ജില്ലാ ആസ്ഥാനത്തെ മാസ്റ്റർ പ്രൊജക്റ്റായ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ 10.12.2024 ന് നൽകിയ പി.യു/84/2024/പി.ഡബ്ളിയു.ഡി/ എം.പി.എം നമ്പർ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## കോവിഡ് കാലത്ത് നിർത്തിവച്ചിരുന്ന സർവീസുകൾ പുനരാരംഭിക്കാൻ നടപടി

1804 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവീസുകൾ പൂർണ്ണമായും പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അരുവിക്കര മണ്ഡലത്തിലെ ഡിപ്പോകളിൽ നിന്നും ഇത്തരത്തിൽ ഇനി സർവ്വീസ് പുനരാരംഭിക്കാനുള്ള ട്രിപ്പുകളുടെ വിശദാംശം ഡിപ്പോ തിരിച്ച് നൽകാമോ?

## ആറ്റിങ്ങൽ ഡിപ്പോയിലെ പുതിയ മന്ദിരത്തിന്റെ നിർമ്മാണം

1805 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കെ.എസ് .ആർ .ടി .സി. ഡിപ്പോയിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വികസന പ്രവർത്തനങ്ങൾ

1806 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗപ്പെടുത്തി മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കാസർകോട് മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ

1807 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ മണ്ഡലത്തിൽ റദ്ദ് ചെയ്തതും പുതുതായി ആരംഭിച്ചതുമായ സർവ്വീസുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) സർവ്വീസുകൾ/റൂട്ടുകൾ റദ്ദ് ചെയ്യാനുള്ള കാരണം എന്താണെന്നും അവ പുന:സ്ഥാപിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) കാസർകോട് മണ്ഡലത്തിൽ ഏറ്റവും ആദായകരവും തീരെ ആദായകരമല്ലാത്തതുമായ റൂട്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്ഥലംമാറ്റിയ ജീവനക്കാർ

1808 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ എത്ര ജീവനക്കാരെ മറ്റ് ഡിപ്പോകളിലേക്ക് സ്ഥലംമാറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ മാറ്റിയത് മൂന്നാർ ഡിപ്പോയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എത്ര കാലയളവിലേക്കാണ് വർക്കിംഗ് അറേഞ്ച്മെന്റ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) ഉണ്ടെങ്കിൽ അവരെ മൂന്നാർ ഡിപ്പോയിലേക്ക് തിരികെ മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## കോതമംഗലം ഡിപ്പോയിൽ നിന്നും വേളാങ്കണ്ണിക്ക് പുതിയ ബസ് സർവീസ്

1809 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന കേന്ദ്രമായ വേളാങ്കണ്ണിയിലേക്ക് മൂന്നാർ-ബോഡിമെട്ട്-തേനി-തിരുച്ചിറപ്പള്ളി വഴി കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പുതിയ സർവീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വൈക്കം ഡിപ്പോയിൽ പുതിയ സ്വിഫ്റ്റ് ബസുകൾ അനുവദിക്കാൻ നടപടി

1810 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ വൈക്കം ഡിപ്പോയിലെ ഏതെല്ലാം ബസ് സർവീസുകളാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കുമോ; അവ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയ്ക്ക് പുതിയ സ്വിഫ്റ്റ് ബസുകൾ അനുവദിക്കുന്നതിനു തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ സ്വിഫ്റ്റ് ബസുകൾ എന്നത്തേക്ക് അനുവദിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

## കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നുള്ള സർവീസുകൾ

1811 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നുള്ള എത്ര സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും പിന്നീട് ഇതിൽ എത്ര സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ബാക്കിയുള്ള സർവീസുകൾ പുനരാരംഭിക്കാത്തത് എന്ത് കൊണ്ടാണെന്ന് അറിയിക്കുമോ;

(സി) റൂട്ട് ഫോർമേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഗ്രാമീണ റൂട്ടുകളിൽ ബസ് സർവീസുകൾ ആരംഭിക്കുന്ന കാര്യം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നും കോയമ്പത്തൂർ, പൊള്ളാച്ചി, ബാംഗ്ലൂർ, കോഴിക്കോട്-പാലക്കാട് എന്നീ റൂട്ടുകളിലേക്ക് ദീർഘദൂര, സൂപ്പർ ഫാസ്റ്റ് എ.സി. ബസ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സ്വകാര്യ ബസ് റൂട്ടുകൾക്ക് പെർമിറ്റ്

1812 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പ് നടത്തിയ ജനകീയ സദസ്സിൽ ഉയർന്ന നിർദേശങ്ങൾ പരിഗണിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സ്വകാര്യ ബസ് റൂട്ടുകൾക്ക് പെർമിറ്റ് നല്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ ഏതൊക്കെ ബസ്സ് റൂട്ടുകൾക്കാണ് അനുമതി നല്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>വൈപ്പിനിൽ നിന്നുള്ള സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനം</u>**

1813 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽ നിന്നുള്ള സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനത്തിനായി ഗതാഗത വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 27.11.2023-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 27/2023/ഗതാ. പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനത്തിനുള്ള പെർമിറ്റിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി റീജണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ബോർഡ് യോഗം എത്ര തവണ ചേർന്നുവെന്നും എന്നൊക്കെയാണ് ചേർന്നതെന്നുമുള്ള വിവരം വ്യക്തമാക്കുമോ;

(സി) പ്രസ്തുത യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ ബസ്സുകൾക്ക് ഏതെല്ലാം റൂട്ടുകളിലാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഗതാഗത വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പുതുതായി പെർമിറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ റൂട്ടുകളിലാണെന്ന് വ്യക്തമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്</u>**

1814 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തൊട്ടിൽപ്പാലം, താമരശ്ശേരി ഡിപ്പോകളിൽനിന്നും ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ ഇപ്പോൾ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2019 ന ശേഷം കോഴിക്കോട്, തൊട്ടിൽപ്പാലം, താമരശ്ശേരി ഡിപ്പോകളിൽനിന്നും ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ സർവ്വീസ് നടത്തുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മാവേലിക്കരയിൽ കെ.എസ്.ആർ.ടി.സി.യുടെ ഡ്രൈവിംഗ് ടെസ്റ്റിംഗ് ഗ്രൗണ്ട്/ ഡ്രൈവിംഗ് സ്കൂൾ നിർമ്മാണം</u>**

1815 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ കെ.എസ്.ആർ.ടി.സി.യുടെ ഡ്രൈവിംഗ് ടെസ്റ്റിംഗ് ഗ്രൗണ്ടും ഡ്രൈവിംഗ് സ്കൂളും ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡോർമെറ്ററി കോംപ്ലക്സ്**

1816 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഒരു ഡോർമെറ്ററി കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**യാത്രാ സൗകര്യങ്ങളില്ലാത്ത റൂട്ടുകളിൽ സ്വകാര്യ ബസ് പെർമിറ്റ് അനുവദിക്കാൻ നടപടി**

1817 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പ് മണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിച്ച ജനകീയ സദസ്സുകളിൽ ആവശ്യപ്പെട്ടതിൻ പ്രകാരം വേണ്ടത്ര യാത്രാ സൗകര്യങ്ങളില്ലാത്ത റൂട്ടുകളിൽ സ്വകാര്യ ബസ് പെർമിറ്റ് അനുവദിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുതുതായി ആരംഭിക്കുന്ന റൂട്ടുകൾക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര റൂട്ടുകളിലാണ് സ്വകാര്യ പെർമിറ്റ് അനുവദിക്കുന്നതെന്നും അവ ഏതെല്ലാം സ്ഥലങ്ങളിലൂടെയാണെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത റൂട്ടുകളിൽ സ്വകാര്യ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**റൂട്ട് ഫോർമുലേഷൻ പദ്ധതി**

1818 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധ്യമാകുന്ന മുഴുവൻ പ്രദേശങ്ങളിലും പൊതു ഗതാഗത സേവനം ലക്ഷ്യമിടുന്ന റൂട്ട് ഫോർമുലേഷൻ പദ്ധതിയുടെ ഭാഗമായുള്ള ജനകീയ സദസ്സിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വൈപ്പിൻ മണ്ഡലത്തിലെ ജനകീയ സദസ്സിൽ ലഭിച്ച നിർദ്ദേശങ്ങൾ എന്തെല്ലാം; പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**ദേശീയ ജലപാത സംബന്ധിച്ച്**

1819 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പ മംഗലം നിയോജകമണ്ഡലത്തെ കനോലി കനാലിലൂടെ കടന്നുപോകുന്ന ദേശീയ ജലപാത ഗതാഗത യോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്;

(ബി) നിർദിഷ്ട ദേശീയ ജലപാതക്കുള്ള വീതി എത്രത്തോളമാണ്; വീതി കുറഞ്ഞ കനോലി കനാലിന്റെ ഭാഗങ്ങൾ എവിടെയെല്ലാമാണ്; ഇത് വീതി കൂട്ടുന്നതിനും സഞ്ചാരയോഗ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>സ്റ്റേറ്റ് സബോർഡിനേറ്റിന്റെ സ്പെഷ്യൽ റൂൾ പരിഷ്കരണം</u>

1820 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ സ്റ്റേറ്റ് സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ പരിഷ്കരണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂളിന് പി.എസ്.സി.യുടെ അംഗീകാരം ലഭിച്ചോയെന്ന് വിശദമാക്കാമോ;

(സി) സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരട് ഏതുവർഷമാണ് തയ്യാറാക്കിയതെന്നും; കരട് തയ്യാറാക്കുന്ന സമയത്ത് ജീവനക്കാരുടെ ആവശ്യങ്ങൾ കേട്ടിരുന്നോയെന്നും വ്യക്തമാക്കാമോ;

(ഡി) കരട് തയ്യാറാക്കുന്ന സമയത്ത് വകുപ്പിലെ ജീവനക്കാർക്ക് നൽകിയിരുന്ന ലൈസൻസുകൾ ഇപ്പോഴും നിലവിലുണ്ടോയെന്നും ഏതെങ്കിലും ലൈസൻസുകൾ നിർത്തലാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## <u>തിരൂർ ജോയിൻറ് ആർ.ടി. ഒ ഓഫീസിലെ തസ്തികകൾ</u>

1821 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ ജോയിൻറ് ആർ.ടി.ഒ ഓഫീസിൽ നിലവിൽ എത്ര തസ്തികകളുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഓഫീസിൽ നിലവിലുള്ള തസ്തികകളിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നുവെന്ന വിവരം അറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസിൽ നിലവിൽ ഒഴിവുകൾ നികത്താതെ കിടക്കുന്ന തസ്തികകളിൽ എന്ന് മുതലാണ് ഒഴിവ് വന്നതെന്ന് തസ്തിക തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത ഓഫീസിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ ഒഴിവുകൾ നികത്താത്തതിന് കാരണമെന്താണെന്ന് വിശദമാക്കാമോ?

## <u>റോഡപകടങ്ങൾ കുറയ്ക്കാൻ നടപടികൾ</u>

1822 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർധിക്കുന്നതായുള്ള കേന്ദ്ര സർക്കാരിന്റെ ഉൾപ്പെടെയുമുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡുകളിലെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്താനും ട്രാഫിക് നിയമങ്ങൾ കർശനമാക്കാനും സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) അമിത വേഗവും മദ്യപിച്ച് വാഹനം ഓടിക്കുന്നതും അടക്കമുള്ള നിയമലംഘനങ്ങൾക്കെതിരെ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കാൻ വേണ്ടത്ര ജീവനക്കാർ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മോട്ടോർ വാഹന വകുപ്പിൽ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കുന്നതിനും പുതിയ നിയമനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## തിരൂരങ്ങാടി സബ് ആർ. ടി. ഒ. ഓഫീസ്

1823 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി സബ് ആർ. ടി. ഒ. ഓഫീസിൽ ഏതെല്ലാം തസ്തികകളാണ് ജീവനക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) തിരൂരങ്ങാടി ഓഫീസിൽ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. വകുപ്പ് മന്ത്രിക്കും, ട്രാൻസ്പോർട്ട് കമ്മീഷണർക്കും തിരൂരങ്ങാടി നിയോജക മണ്ഡലം എം.എൽ.എ നൽകിയ കത്തുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിൽ എല്ലാ തസ്തികകളിലേക്കും ജീവനക്കാരെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ പുതിയ ബസ്സ് റൂട്ടുകൾ

1824 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത സംവിധാനങ്ങൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പുതിയ ബസ്സ് റൂട്ടുകൾ നിർദ്ദേശിക്കുന്നതിനായി 2024 ജൂലൈ 22-ന് കായംകുളം മുനിസിപ്പൽ ടൗൺ ഹാളിൽ മോട്ടോർ വാഹന വകുപ്പ് കായംകുളം റീജിയണൽ ഓഫീസ് സംഘടിപ്പിച്ച കായംകുളം മണ്ഡലം ജനകീയ സദസ്സിൽ ഉയർന്ന് വന്ന പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയെന്നും ഇതിൽ പ്രാവർത്തികമാക്കിയത് ഏതൊക്കെയെന്നും വിശദമാക്കാമോ?

## മഞ്ചേശ്വരം താലൂക്കിൽ ജോയിന്റ് ആർ.ടി.ഒ. ഓഫീസ്

1825 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് തുടങ്ങുന്നതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആർ.ടി.ഒ. ഓഫീസിന്റെ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാരുടെ യോഗ്യതകൾ

1826 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് മന്ത്രാലയത്തിന്റെ 07.06.2021-ലെ വിജ്ഞാപന പ്രകാരമുള്ള മോട്ടോർ വാഹന നിയമ ഭേദഗതിയിൽ ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാർക്ക് എന്തൊക്കെ യോഗ്യതകൾ ഉണ്ടായിരിക്കണമെന്നാണ് നിഷ്കർഷിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭേദഗതികൾ നിലവിൽ വരുന്നതിനുമുമ്പ് ഇൻസ്ട്രക്ടർമാരായിരുന്നവർക്ക് യോഗ്യതകളിൽ എന്തെങ്കിലും ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത ഇളവുകൾ നിലവിൽ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ;

(സി) കേന്ദ്ര നിയമത്തിലും ആക്ടിലും വരുത്തിയിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## വെള്ളരിക്കുണ്ട് ആർ.ടി.ഒ ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്ന നടപടി

1827 **ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്നും ആയതിന് മാസംതോറും എത്ര വാടകയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിലേക്കായി സ്ഥലം നീക്കിവെച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് മിനി സിവിൽ സ്റ്റേഷനിലേക്ക് സബ്ബ് ആർ.ടി.ഒ. ഓഫീസ് മാറ്റാത്തതെന്ന് വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. മിനി ബസ്സ് സർവ്വീസ്

1828 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈവറ്റ് ബസ്സുകൾ ഇല്ലാത്ത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. മിനി ബസ്സ് റൂട്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മിനി ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിൽ അനുവദിച്ച റൂട്ടുകൾ വിശദമാക്കാമോ;

(സി) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഉമ്മളത്തൂർ-വെളിപ്പറമ്പ് എം.എൽ.എ. റോഡിലൂടെ കെ.എസ്.ആർ.ടി.സി. മിനി ബസ്സിന് റൂട്ട് അനുവദിക്കുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മോട്ടോർ വാഹന ചെക്ക്പോസ്റ്റുകൾ

1829 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാതിർത്തിയിൽ എത്ര മോട്ടോർ വാഹന ചെക്ക്പോസ്റ്റുകൾ ഉണ്ട്; പ്രസ്തുത ചെക്ക്പോസ്റ്റുകളിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്നും ഏതെല്ലാം വിഭാഗത്തിൽ പെടുന്നവരാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ചെക്ക്പോസ്റ്റുകളിൽ നിന്നും 2024 വർഷത്തിൽ സർക്കാരിന് എത്ര രൂപ വരുമാനം ലഭിച്ചുവെന്നും ചെക്ക്പോസ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ 2024 വർഷത്തിൽ എത്ര രൂപ ചെലവ് ആയി എന്നും കണക്കുകൾ നൽകാമോ;

(സി) മോട്ടോർ വാഹന ചെക്ക്പോസ്റ്റുകൾ നിർത്തലാക്കാൻ കേന്ദ്ര നിർദേശം ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

## കേരളത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആർ.ടി.ഒ. ഓഫീസുകൾ

1830 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര ആർ.ടി.ഒ. ഓഫീസുകൾ നിലവിൽ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ തുക

1831 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ തുക വെട്ടിക്കുറച്ച നടപടികൾ സംബന്ധിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിലെ താത്കാലിക ജീവനക്കാർ

1832 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിൽ നിലവിലുള്ള താത്കാലിക ജീവനക്കാരെ നിയമിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;

(ബി) അവരെ നിയമിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) അപ്രകാരം നിയമിച്ചവരിൽ എത്രപേർ നിലവിൽ ജോലിയിൽ തുടരുന്നുവെന്നും സേവന കാലയളവിൽ അവർക്ക് നൽകിയ വേതനം എത്രയാണെന്നും

വിശദമാക്കാമോ?

**മുനമ്പം വിഷയം രമ്യമായി പരിഹരിക്കുന്നതിന് നടപടി**

1833 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്**
**ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പത്ത് കിടപ്പാടത്തിനായി സമരം ചെയ്യുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മുനമ്പത്തെ നിലവിലെ താമസക്കാർക്ക് ഭൂമിയുടെ പൂർണ്ണ അവകാശം നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ**

1834 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വെട്ടിക്കുറച്ചുവെന്ന ചില മാധ്യമങ്ങൾ വഴിയുള്ള പ്രചരണം ഏറ്റെടുത്ത് ചില ഉന്നത വ്യക്തികൾ സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

**ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട്**

1835 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

**ന്യൂനപക്ഷ ക്ഷേമ വകുപ്പിന് വകയിരുത്തിയ തുക**

1836 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തികവർഷം പദ്ധതി അടങ്കലിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ തുകയുടെ എത്ര ശതമാനം ചിലവഴിച്ചുവെന്നും വിശദമാക്കാമോ?

## ഐ.ഐ.റ്റി./ഐ.ഐ.എം സ്കോളർഷിപ്പ്

1837 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള ഐ.ഐ.റ്റി./ഐ.ഐ.എം. സ്കോളർഷിപ്പ് ഇനത്തിൽ എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

## ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിനു വകയിരുത്തിയ തുക

1838 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിനു വകയിരുത്തിയ തുക എത്രയാണെന്നും പ്രസ്തുത തുകയിൽ നാളിതുവരെ ഡയറക്ടറേറ്റ് ചെലവാക്കിയത് എത്രയാണെന്നും അറിയിക്കാമോ;

(ബി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് വിവിധ പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയത് എത്ര തുകയാണെന്ന് പ്രവൃത്തികൾ തിരിച്ച് അറിയിക്കാമോ;

(സി) 2024-25 സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് വിവിധ പ്രവൃർത്തികൾക്കായി വകയിരുത്തിയ തുകയിൽ ഓരോ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക എത്രയാണെന്ന് പ്രവൃത്തി തിരിച്ച് അറിയിക്കാമോ;

(ഡി) 2024-25 സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിനു വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷം പൂർണ്ണമായും ചിലവഴിക്കുമോ എന്ന് അറിയിക്കാമോ?

## യു.ജി.സി./നെറ്റ്, ഐ.ടി.സി. ഫീസ് റീ ഇംബേഴ്സ്മെന്റ്

1839 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ യു.ജി.സി./നെറ്റ്, ഐ.ടി.സി ഫീസ് റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ എത്ര രൂപ വകയിരുത്തി എന്നും എത്ര രൂപ ചെലവഴിച്ചു എന്നും വർഷം തിരിച്ചു വിവരം ലഭ്യമാക്കാമോ?

## ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കോച്ചിംഗ് സെന്റർ അനുവദിക്കുന്നതിന് നടപടി

1840 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കോച്ചിംഗ് സെന്റർ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകളുടെ വിശദാംശം അറിയിക്കുമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പ്

1841 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി മൂലം സംസ്ഥാനത്ത് ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം തുകയാണ് വെട്ടിക്കുറച്ചതെന്ന് വിശദമാക്കുമോ;

(ബി) വകുപ്പ് നൽകുന്ന ന്യൂനപക്ഷ സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) 2011-2024 വർഷ കാലയളവിൽ വിവിധ സ്കോളർഷിപ്പ് ഇനത്തിൽ ന്യൂനപക്ഷ വകുപ്പ് ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഫണ്ട്

1842 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഫണ്ടിലേക്ക് എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട്

1843 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട് വെട്ടികുറച്ചിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനം കൈക്കൊണ്ടതിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട്

1844 **ഡോ. മാത്യൂ കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്കോളർഷിപ്പുകളുടെ ഫണ്ടുകളാണ് വെട്ടിക്കുറച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തീരുമാനം കൈകൊണ്ട യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

1845 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായുള്ള ഫണ്ടിൽ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കാമോ;

(സി) ഈ ആനുകൂല്യങ്ങളും സഹായങ്ങളും നിലവിൽ മുടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) ഫണ്ട് അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും കാലതാമസം ഉണ്ടാകാറുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി

1846 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്ന സ്കോളർഷിപ്പ് തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിതരണം നടത്തിയിട്ടുള്ള സ്കോളർഷിപ്പ് തുകയുടെ വിശദാംശം നൽകാമോ;

(സി) ന്യൂനപക്ഷ സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

## പദ്ധതി അടങ്കൽ തുക വെട്ടിക്കുറച്ച നടപടി

1847 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 വർഷത്തെ പദ്ധതി അടങ്കലിന്റെ അൻപത് ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നതെന്നും എത്ര ശതമാനം വരെ വെട്ടിക്കുറച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

## ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്

1848 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പ് വെട്ടിക്കുറച്ച നടപടി

1849 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സ്കോളർഷിപ്പുകളാണ് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചതെന്ന് അറിയിക്കുമോ?

## മദർ തെരേസ സ്കോളർഷിപ്പ്

1850 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മദർ തെരേസ സ്കോളർഷിപ്പ് ഫണ്ടായി എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

## സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് സ്കോളർഷിപ്

1851 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് സ്കോളർഷിപ് ഇനത്തിൽ എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിവരം വർഷം തിരിച്ചു ലഭ്യമാക്കാമോ?

## എ.പി.ജെ. അബ്ദുൽകലാം സ്കോളർഷിപ്പ്

1852 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ എ.പി.ജെ. അബ്ദുൽകലാം സ്കോളർഷിപ്പ് ഫണ്ടായി എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വർഷം തിരിച്ചു വിവരം ലഭ്യമാക്കാമോ?

## വിദേശ സ്കോളർഷിപ്പ്

1853 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വിദേശ സ്കോളർഷിപ്പ് ഇനത്തിൽ എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

1854 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്നും അതിൽ ധനസഹായ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയിലും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചിലവഴിച്ച തുകയും അറിയിക്കാമോ?

## ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

1855 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഫണ്ടായി എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## തൃശ്ശൂർ ജില്ലയിലെ പി.എം.ജെ.വി.കെ. പദ്ധതി

1856 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജെ.വി.കെ. പദ്ധതിയിൽ തൃശ്ശൂർ ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ നിന്ന് 2021 മുതൽ 2024 വരെയുള്ള കാലയളവിൽ ഏതെങ്കിലും പ്രോജക്ടുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(സി) വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്ന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസിൽ ലഭിച്ച പ്രോജക്ട് പ്രൊപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇപ്രകാരം ലഭിച്ച പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

1857 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷമുൾപ്പെടെയുള്ള കഴിഞ്ഞ അഞ്ചുവർഷത്തെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ബജറ്റ് വിഹിതം എത്രയാണ്; അതിൽ എത്ര വീതമാണ് അനുവദിച്ചത്; അതിൽ ചെലവഴിച്ചത് എത്ര; ചെലവഴിക്കാതെ ബാക്കിയായത് എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ അഞ്ചുവർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്ന് വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്ര; അതിൽ ചെലവഴിച്ചത് എത്ര; ചെലവഴിക്കാതെ ബാക്കിയായത് എത്ര; പദ്ധതി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## സിവിൽ സർവീസ് ഫീ റീ ഇംബേഴ്സ്മെൻറ് സ്കോളർഷിപ്പ്

1858 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സിവിൽ സർവീസ് ഫീ റീ ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ് ഇനത്തിൽ എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1859 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പഞ്ചായത്തുകൾക്കാണ് കളിസ്ഥലം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാദേശിക കളിസ്ഥലങ്ങളുടെ നവീകരണത്തിന് എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ;

(സി) സ്കൂളുകളുടെ ഉടമസ്ഥതയിലുള്ള കളിസ്ഥലങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1860 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്ത് ഗ്രൗണ്ടിൽ കളിക്കളം നിർമ്മിക്കുന്നതിനായി 2024-25 വർഷത്തെ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക വകുപ്പിന്റെ 50 ലക്ഷം രൂപയും ഉൾപ്പെടെ ഒരു കോടി രൂപയുടെ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

## ഭൂമി വാങ്ങി കളിസ്ഥലം നിർമ്മിക്കുന്നതിന് പദ്ധതി

1861 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കളിസ്ഥലം നിർമ്മിക്കുവാൻ ഭൂമിയില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ഭൂമി വാങ്ങി കളിസ്ഥലം നിർമ്മിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1862 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ അനുവദിച്ച സ്റ്റേഡിയത്തിന്റെ വിശദാംശവും ആയതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ</u>**

1863 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക വകുപ്പ് വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക</u>**

1864 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന് 2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിൽ എത്ര തുക വകയിരുത്തിയെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**<u>പേരാമ്പ്ര മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>**

1865 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ചും ഓരോ പ്രവൃത്തിയുടെയും പുരോഗതിയെക്കുറിച്ചും വിശദമാക്കുമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ കായികവകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികൾ</u>**

1866 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>ഹെൽത്തി കിഡ്സ് പ്രോഗ്രാം</u>**

1867 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സ്കൂളുകളിൽ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുന്നതിനുള്ള ഹെൽത്തി കിഡ്സ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

1868 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്റ്റേഡിയങ്ങളാണ് ഗ്രാമപഞ്ചായത്തുകളിൽ നവീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**ഒരു പഞ്ചായത്ത് ഒരു കളിക്കളംപദ്ധതി**

1869 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ഇതുവരെ എത്ര കളിസ്ഥലത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വരും വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും മണ്ഡലങ്ങളിൽ നിന്നും ലഭിച്ച ശിപാർശകളിന്മേൽ സ്വികരിച്ച നടപടികൾ ഏതുഘട്ടത്തിലാണെന്നും വിശദമാക്കാമോ?

**കേരള സ്പോർട്സ് ആക്ട്, 2000-ലെ അവ്യക്തത നീക്കുന്നതിനുള്ള നടപടി**

1870 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-ലെ കേരള സ്പോർട്സ് ആക്ടിലെ 31-ാം വകുപ്പിലെ (1A)(viii) ഉപവകുപ്പിലെ അവ്യക്തത നീക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവൃത്തികൾ**

1871 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**മലപ്പുറം ഗവ. കോളേജിന്റെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

1872 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുണ്ടുപറമ്പ് ഗവ. കോളേജിന്റെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി സമർപ്പിച്ച 7 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കായിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗമായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശം നൽകുമോ;

(സി) ഗവ.കോളേജിൽ ഇൻഡോർ സ്റ്റേഡിയവും ഓപ്പൺ ജിംനേഷ്യവും അനുവദിക്കുന്നതുൾപ്പടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് എം.എൽ.എ. സമർപ്പിച്ച പി.യു./62/23/എസ്.പി.ഒ./എം.പി.എം. കത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## കളിസ്ഥലം വാങ്ങുന്നതിനായുള്ള പദ്ധതി

1873 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വിദ്യാലയങ്ങൾക്കും കളിസ്ഥലം വാങ്ങുന്നതിനായുള്ള പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കൈപ്പമംഗലം മണ്ഡലത്തിൽ കളരിപ്പറമ്പ് വായനശാല പൊതുജന കൂട്ടായ്മയിലൂടെ വാങ്ങിയ കളിസ്ഥലത്തിന്റെ അടിസ്ഥാന വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

## സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത കുട്ടികൾക്ക് ഉപഹാരം

1874 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത് സ്വർണ്ണം, വെള്ളി, വെങ്കലം എന്നിവ നേടിയ കുട്ടികൾക്ക് സംസ്ഥാന സർക്കാർ പ്രോത്സാഹനസമ്മാനം നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി

1875 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## ചായോത്ത് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് ഡിവിഷൻ

1876 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചായോത്ത് ഹയർ സെക്കൻഡറി സ്കൂളിൽ കായിക വകുപ്പ് നിർദേശിച്ച സ്പോർട്സ് ഡിവിഷൻ സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് മന്ത്രി, നിയോജകമണ്ഡലം എം.എൽ.എ., ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ യോഗം ചേർന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

**<u>ഹാൻഡ്ബോൾ കായിക ഇനത്തിലെ രണ്ട് അസോസിയേഷനുകൾ</u>**

1877 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹാൻഡ്ബോൾ കായിക ഇനത്തിൽ നിലവിൽ രണ്ട് അസോസിയേഷനുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത രണ്ട് അസോസിയേഷനുകളും മിനി, സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഹാൻഡ്ബോൾ കായിക ഇനത്തിൽ കേരള സ്പോർട്സ് കൗൺസിൽ പ്രസ്തുത രണ്ട് അസോസിയേഷനുകളിൽ ഏത് അസോസിയേഷനാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് ശമ്പളം</u>**

1878 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് കൃത്യമായി പ്രതിമാസ ശമ്പളം വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും കൃത്യമായി പ്രതിമാസ പെൻഷൻ വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; കൃത്യമായി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(സി) 2013 മുതൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത വിധിയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാനുള്ള നടപടികൾ സർക്കാർ കൈകൊണ്ടിട്ടുണ്ടോ; കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും, പെൻഷൻകാർക്കും പത്താം ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും, പെൻഷൻകാർക്കും പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സർക്കാർ കൈകൊണ്ടിട്ടുണ്ടോ?

## സ്പോർട്സ് കൗൺസിലിന് അനുവദിച്ച തുക

1879 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിന് നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയെന്നും അതിൽ എത്ര ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

## ചാമ്പ്യൻഷിപ്പ് ഇനത്തിൽ നൽകിയ തുക

1880 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ 2016-17 മുതൽ 2024-25 സാമ്പത്തിക വർഷം വരെ സംസ്ഥാന ബോൾ ബാഡ്മിന്റൻ അസോസിയേഷന് കായിക ചാമ്പ്യൻ ഷിപ്പ്, കോച്ചിംഗ് ക്യാമ്പ് എന്നിവ നടത്തിയ ഇനത്തിൽ ഓരോ വർഷവും നൽകിയ തുക എത്രയെന്ന് വിശദമാക്കാമോ; നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്ത്;

(ബി) അന്തർ സംസ്ഥാന മത്സരത്തിൽ പങ്കെടുത്ത സബ്ജൂനിയർ, ജൂനിയർ, സീനിയർ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും യാത്രാ ബത്തയായി എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന ബോൾ ബാഡ്മിന്റൻ അസോസിയേഷനിൽ 2021-22, 2022-23, 2023-24, 2024-25 വർഷത്തിൽ ഓരോ ജില്ലയിൽ നിന്നും സബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളായി എത്ര കായിക താരങ്ങളെയാണ് രജിസ്റ്റർ ചെയ്തത്; സ്പോർട്സ് കൗൺസിൽ നൽകിയ വാർഷിക റിപ്പോർട്ടിലെ കായിക താരങ്ങളുടെ എണ്ണം വ്യക്തമാക്കാമോ?

## കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതി

1881 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി ലഭിച്ചിട്ടുണ്ടോ; ഭരണാനുമതി തുക സംബന്ധിച്ചും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഘടകങ്ങൾ സംബന്ധിച്ചുമുള്ള വിശദാംശം നൽകുമോ;

(സി) പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും നടപടികൾ ത്വരിതപ്പെടുത്തുമോയെന്നും വ്യക്തമാക്കുമോ?

## സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ

1882 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകൾക്ക് ഫുഡ് അലവൻസ് ഇനത്തിൽ എത്ര തുക കുടിശിക നൽകാനുണ്ടെന്നും എന്ന് മുതലാണ് കുടിശികയുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ കുടിശികയുണ്ടാവാനുള്ള കാരണം വ്യക്തമാക്കാമോ?

## സ്പോർട്സ് കൗൺസിൽ ഹോസ്റ്റലുകൾ

1883 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ എത്ര ഹോസ്റ്റലുകൾ നിലവിലുണ്ടെന്നും ഇവിടെ എത്ര വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇവരുടെ ഭക്ഷണത്തിനും മറ്റും മുടക്കം വരാത്ത വിധത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും കൂടുതൽ കായിക താരങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ്

1884 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിലുള്ള കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ് പത്ത് മാസമായി

നൽകുന്നില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ഭക്ഷണ അലവൻസ് കുടിശ്ശിക അടക്കം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം

1885 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്; വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടന്നു വരുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) കായിക വകുപ്പിനു കീഴിലെ മുഴുവൻ സ്ഥാപനങ്ങൾക്കുമുള്ള കേന്ദ്രം എന്ന നിലയിൽ കായിക ഭവന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) കായിക സമുച്ചയങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ കായിക മേഖലയെ ഊർജ്ജസ്വലമാക്കുന്നതിന് ഏതെല്ലാം നിലയിൽ സഹായകമാകുമെന്ന് വ്യക്തമാക്കുമോ?

## ഒറ്റപ്പാലം ജിംനേഷ്യം നിർമ്മാണം

1886 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗരസഭയിലെ ഒറ്റപ്പാലം ജിംനേഷ്യം എന്ന പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയത് എന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്നും അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

## മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിക്കളം നിർമ്മാണം

1887 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിക്കളം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആറിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണം

1888 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഏതൊക്കെ പ്രവൃത്തികളാണ് ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കുന്നതെന്നും വിശദമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണം

1889 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഇടവ തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം

1890 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഇടവ തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ വികസന പ്രവർത്തനങ്ങൾ

1891 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിവരുന്ന വികസന പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൊഴിയൂരിൽ നിർമ്മിക്കുന്ന സ്റ്റേഡിയം

1892 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൊഴിയൂരിൽ നിർമ്മിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്നതിനു എത്ര തുകയാണ് വിനിയോഗിച്ചത് എന്ന് വ്യക്തമാക്കാമോ?

## കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള സ്റ്റേഡിയം നിർമ്മാണം

1893 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരും, നിലവിലെ സർക്കാരും അധികാരത്തിൽ വന്നശേഷം കിഫ്ബി ഫണ്ട് ഉപയോഗിച്ച് എത്ര സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും ആയതിന്റെ നിർമ്മാണത്തിനായി എസ്.പി.വി. ആയി ആരെയൊക്കെയാണ് നിയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) സ്റ്റേഡിയം നിർമ്മാണം എവിടെയൊക്കെ പൂർത്തീകരിച്ചുവെന്നും ഈ വർഷം പൂർത്തീകരിക്കാൻ കഴിയുന്ന എത്ര സ്റ്റേഡിയങ്ങളുണ്ടെന്നും വ്യക്തമാക്കുമോ?

## ധീരജവാൻ ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം

1894 **ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പള്ളിപ്പുറം പഞ്ചായത്തിലെ ഐ.എച്ച്.ആർ.ഡി. കോളേജിൽ ധീരജവാൻ ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഈ പ്രവൃത്തിയുടെ കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

## പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം

1895 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) സാങ്കേതിക നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

## കിറ്റ്കോയിൽ നിന്ന് എസ്.കെ.എഫ്. ഏറ്റെടുത്ത പ്രവർത്തികൾ

1896 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെയുള്ള പ്രവൃത്തികൾ നടക്കുന്ന സ്റ്റേഡിയങ്ങളുടെ എസ്.പി.വി. ആയിരുന്ന കിറ്റ്കോ കാലതാമസം വരുത്തിയത് മൂലം അവരിൽ നിന്ന് ഏതെങ്കിലും പ്രവൃത്തികൾ എസ്.കെ.എഫ്. ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം കിറ്റ്കോയിൽ നിന്ന് എസ്.കെ.എഫ്. ഏറ്റെടുത്ത എത്ര പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; നിലവിലെ സ്ഥിതി വിവരമറിയിക്കാമോ;

(സി) വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നിലച്ചുപോയ എത്ര പ്രവൃത്തികളാണ് കിറ്റ്കോയിൽ നിന്ന് എസ്.കെ.എഫ്. ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അറിയിക്കാമോ;

(ഡി) കിഫ്ബി പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ?

## **കാട്ടാക്കട മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി**

1897 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി ഉൾപ്പെടെയുള്ള നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിയ്ക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിലെ കൂവളശ്ശേരി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിയ്ക്കാനാകുമെന്നും വിശദമാക്കുമോ?

## **മുക്കം സ്റ്റേഡിയം നിർമ്മാണം**

1898 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിൽ നിന്നുള്ള ധനസഹായത്തോടെ മുക്കം നഗരസഭയിൽ നിർമ്മിക്കുന്ന മിനി സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇതിൽ ഏതൊക്കെ പൂർത്തിയാക്കിയെന്നും വിശദമാക്കുമോ;

(ബി) ഇവിടെ ട്രാക്ക് ഉൾപ്പെടെയുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## **കോന്നി മണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

1899 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്ത് സ്റ്റേഡിയം നിർമാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## **ഹജ്ജ് തീർത്ഥാടകരിൽ നിന്നുള്ള ഉയർന്ന യാത്രാനിരക്ക് കുറയ്ക്കുന്നതിന് നടപടി**

1900 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നവരിൽ നിന്നും മറ്റ് വിമാനത്താവളങ്ങളെ അപേക്ഷിച്ച് കോഴിക്കോട് വിമാനത്താവളത്തിൽ ഉയർന്ന യാത്രാനിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉയർന്ന യാത്രാ നിരക്ക് കുറയ്ക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി അറിയിക്കുമോ; യാത്രാ നിരക്ക് കുറയ്ക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമോ?

## **ഹജ്ജ് തീർത്ഥാടനം**

1901 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ലെ ഹജ്ജ് തീർത്ഥാടനത്തിന് കേരളത്തിൽ നിന്നും എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇതിൽ എത്രപേർക്ക് ഹജ്ജ് തീർത്ഥാടനത്തിന് അവസരം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) 2025-ലെ ഹജ്ജ് തീർത്ഥാടകർക്കായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഹജ്ജ് തീർത്ഥാടകർക്ക് യാത്രാസൗകര്യം ഏതൊക്കെ വിമാനത്താവളങ്ങളിലൂടെയാണ് ഏർപ്പാടാക്കിയിട്ടുള്ളതെന്നും അവിടെ ലഭിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## ഹജ്ജ് തീർത്ഥാടകരുടെ എണ്ണം

1902 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരോ വർഷവും സംസ്ഥാനത്ത് നിന്നും ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് നിർവഹിച്ച തീർത്ഥാടകരുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2021 മുതൽ ഓരോ വർഷവും ഹജ്ജ് തീർത്ഥാടകർക്കായി സാങ്കേതിക പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ലഭ്യമായിട്ടുള്ള തുകയും ചെലവഴിച്ചിട്ടുള്ള തുകയും എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) 2023, 2024 വർഷങ്ങളിൽ പ്രസ്തുത പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ധനാഗമന മാർഗ്ഗങ്ങൾ

1903 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ വിവിധ ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള ധനാഗമ മാർഗ്ഗങ്ങൾ എതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 2024-ൽ ഹജ്ജ് കമ്മിറ്റിക്ക് ഗ്രാന്റ് ഇൻ എയ്ഡായും മറ്റ് വിധത്തിലും സംസ്ഥാന സർക്കാറിൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഹജ്ജിന് പണമടയ്ക്കുന്ന ഒരോ ഹാജിയിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മറ്റിക്ക് എത്ര രൂപ വീതമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) 2024-ലെ ഹജ്ജ് ട്രെയിനിംഗിന് വേണ്ടി ഹാജിമാരിൽ നിന്ന് പണം വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഒരോ ഹാജിയിൽ നിന്നും എത്ര രൂപ വീതം വാങ്ങിയെന്നും ആകെ എത്ര രൂപ ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) 2024-ൽ ട്രെയിനിംഗ് ആവശ്യത്തിന് എത്ര രൂപയാണ് ചെലവ് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ;

(എഫ്) ഹജ്ജ് കമ്മറ്റി ജീവനക്കാർക്ക് വിമാന യാത്ര ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജീവനക്കാർക്കാണ്

അനുമതിയുള്ളതെന്നും 2024-ൽ ഏതെല്ലാം ജീവനക്കാർ വിമാനയാത്ര നടത്തിയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ജി) ഹജ്ജ് സേവന രംഗത്ത് പ്രവർത്തിക്കുന്ന സാമൂഹ്യ സംഘടനകളെ വിലക്കുന്ന രീതിയിൽ സർക്കാരോ ഹജ്ജ് കമ്മിറ്റിയോ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അത് എല്ലാ സംഘടനകൾക്കും ബാധകമാണോയെന്ന് വ്യക്തമാക്കുമോ?

## അമൃത, രാജ്യറാണി എക്സ്പ്രസ്സുകളിൽ അധിക കോച്ചുകൾ

1904 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത, രാജ്യറാണി എക്സ്പ്രസ്സുകളിൽ സ്ലീപ്പർ കോച്ചുകളുടെ എണ്ണം കുറക്കാനുള്ള റെയിൽവേയുടെ തീരുമാനം പുനപരിശോധിക്കുവാൻ സർക്കാർ തലത്തിൽ ഇടപെടുമോ; വിശദമാക്കുമോ ;

(ബി) മലബാറിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി രാജ്യറാണി എക്സ്പ്രസ്സിൽ അധിക സ്ലീപ്പർ കോച്ചുകൾ അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ?

## കെ-റെയിൽ പ്രോജക്ട്

1905 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതെന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് എത്ര കാലയളവിനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ?

## അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതി

1906 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ് എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റെയിൽപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; സംസ്ഥാനം നിർദ്ദേശിച്ച വ്യവസ്ഥ ഒഴിവാക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക എപ്രകാരം കണ്ടെത്താമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാത നിർമ്മാണം ഭാവിയിൽ റെയിൽവെ വികസനത്തിന് എത്രമാത്രം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മൃഗസംരക്ഷണ മേഖലയിലെ വാതിൽപ്പടി സേവനങ്ങൾ</u>**

1907 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലുള്ള കർഷകരുടെ വളർത്തുമൃഗങ്ങൾക്ക് മൃഗാശുപത്രികളിൽ നിന്ന് ഗുണനിലവാരമുള്ള ചികിത്സാ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കർഷകർക്ക് സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വാതിൽപ്പടി സേവനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ വെറ്റിനറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രയോജനം കർഷകർക്ക് ഏതു തരത്തിലാണ് ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ഡി) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കായി കൂടുതൽ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ഉദുമ നിയോജക മണ്ഡലത്തിലെ മൃഗ സംരക്ഷണ വകുപ്പ് പദ്ധതികൾ</u>**

1908 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉദുമ നിയോജക മണ്ഡലത്തിൽ മൃഗ സംരക്ഷണ വകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേരും അനുവദിച്ച തുകയും പദ്ധതികളുടെ പുരോഗതി റിപ്പോർട്ടും ലഭ്യമാക്കാമോ?

**<u>മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലെ വിവിധ പദ്ധതികൾ</u>**

1909 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിൽ അരുവിക്കര നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദാംശങ്ങൾ നൽകുമോ?

## കാളപൂട്ട് - മരമടി തൊഴിൽ പ്രശ്നം

1910 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന കാളപൂട്ട്, മരമടി, കാളയോട്ടം, കാളവണ്ടിയോട്ടം, ഉഴവ് എന്നിവ നടത്തുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; ഇവയ്ക്ക് നിലവിൽ ഏതെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് വിലക്ക് നിലനിൽക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികളുടെ തൊഴിൽപ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമനിർമ്മാണം പരിഗണനയിലുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ലൈവ് സ്റ്റോക്ക് ഇൻപെക്ടർ തസ്തികയുടെ യോഗ്യത

1911 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. യുടെ ഡയറി ഫാർമർ എന്റർപ്രണർ കോഴ്സ് മൃഗസംരക്ഷണ വകുപ്പിന്റെ ലൈവ് സ്റ്റോക്ക് ഇൻപെക്ടർ തസ്തികയുടെ യോഗ്യതയായി അംഗീകരിക്കാത്തിന്റെ കാരണം അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വി.എച്ച്.എസ്.ഇ. യുടെ ഡയറി ഫാർമർ എന്റർപ്രണർ കോഴ്സ് പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക

1912 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗ സംരക്ഷണ വകുപ്പ് 2021 മുതൽ 2024 വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയുടെ വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കുമോ?

## മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽ നിന്നുള്ള നഷ്ടപരിഹാരം

1913 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽ നിന്നും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രകൃതിക്ഷോഭം, രോഗങ്ങൾ, വന്യമൃഗ ആക്രമണം, ഇടിമിന്നൽ, വൈദ്യുതി ആഘാതം എന്നിവ മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാണോ; വ്യക്തമാക്കുമോ;

(സി) ഉരുക്കൾ നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ</u>

1914 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് 2016 മുതൽ നിർദേശിച്ച പദ്ധതികൾ ഏതെല്ലാമെന്ന് പറയാമോ;

(ബി) ഓരോ പദ്ധതികൾക്കും അനുവദിച്ച തുക, പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ;

(സി) ഏതെങ്കിലും പദ്ധതികൾക്ക് വേണ്ടി ഭൂമി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കന്നുകാലി സെൻസസ്</u>

1915 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അവസാനത്തെ കന്നുകാലി സെൻസസ് പ്രകാരം ആകെ കന്നുകാലികളുടെ (കറവപ്പശു/എരുമ) എണ്ണം ജില്ലതിരിച്ച് വിശദമാക്കാമോ;

(ബി) കേരളത്തിലെ ആകെ പ്രതിദിന ക്ഷീരോത്പാദനം ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) കേരളത്തിലെ കറവ പശുക്കളുടെ പ്രതിദിന ശരാശരി ഉത്പാദന ക്ഷമത എത്രയെന്ന് വ്യക്തമാക്കാമോ?

## <u>മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ</u>

1916 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് 2021-22 മുതൽ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റേയും പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

## <u>പക്ഷിപ്പനി</u>

1917 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് സീസണുകളിലായി ആലപ്പുഴ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ പക്ഷിപ്പനി ബാധിച്ചതുമൂലം എത്ര താറാവുകളെയാണ് കൊല്ലേണ്ടിവന്നത്; വ്യക്തമാക്കാമോ;

(ബി) ഈ താറാവുകൾക്ക് നഷ്ടപരിഹാര ഇനത്തിൽ, എത്ര താറാവുകൾക്ക് എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; നഷ്ടപരിഹാരം നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കന്നുകാലികൾ മരണപ്പെട്ടാൽ കർഷകർക്ക് നഷ്ടപരിഹാരം

1918 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ കന്നുകാലികൾ രോഗം ബാധിച്ച് മരണപ്പെട്ടാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും നഷ്ടപരിഹാരതുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) കന്നുകാലികളെ ഇൻഷ്വർ ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലസൗകര്യം കുറവുള്ള ക്ഷീരകർഷകരുടെ കന്നുകാലികൾ മരണപ്പെടുമ്പോൾ മറവുചെയ്യാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ക്ഷീരകർഷകരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇതിനായി പൊതു ശ്മശാനത്തിൽ സ്ഥലം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## പരിയാരം ഗവൺമെൻറ് വെറ്ററിനറി ക്ലിനിക്ക്

1919 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ അത്യാധുനിക ലാബ് സൗകര്യമുള്ള എത്ര വെറ്ററിനറി ക്ലിനിക്കുകൾ ഉണ്ട്; ഏതൊക്കെ; വ്യക്തമാക്കാമോ;

(ബി) ഇവയിൽ അത്യാധുനിക ലാബ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി ലാബ് ടെക്നീഷ്യന്മാരെ നിയമിച്ചിട്ടുണ്ടോ; ലാബ് ടെക്നീഷ്യന്മാരുടെ അഭാവം നിമിത്തം ഏതെങ്കിലും ക്ലിനിക്കിൽ ലാബ് സൗകര്യം ഉപയോഗപ്പെടുത്താനാവാത്ത സാഹചര്യമുണ്ടോ, വിശദമാക്കുമോ;

(സി) കഴിഞ്ഞ 8 വർഷത്തിനുള്ളിൽ കോട്ടയം ജില്ലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എതൊക്കെ വെറ്ററിനറി ക്ലിനിക്കിന്റെ സേവനം പകൽ സമയം മാത്രമാക്കി നിശ്ചയിച്ചിട്ടുണ്ടെന്നും ഏതൊക്കെ ക്ലിനിക്കിൽ പുതുതായി 24 മണിക്കൂർ സേവനം ഏർപ്പെടുത്തിയെന്നുമുള്ള വിവരം ഇപ്രകാരം പുതുക്കി നിശ്ചയിക്കാനാധാരമാക്കിയ മാനദണ്ഡങ്ങൾ സഹിതം വിശദമാക്കുമോ;

(ഡി) പുതുപ്പള്ളി പരിയാരം ഗവൺമെൻറ് വെറ്ററിനറി ക്ലിനിക്കിൽ അത്യാധുനിക ലാബ് ഉൾപ്പെടെ എല്ലാ സൗകര്യവും ലഭ്യമായിരുന്നിട്ടും 24 മണിക്കൂർ പ്രവർത്തനം ഒഴിവാക്കി പകൽ സമയം മാത്രം പ്രവർത്തിക്കുന്നതിന് ഉത്തരവ് നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ: ആയത് 24 മണിക്കൂർ പ്രവർത്തിക്കുന്ന ക്ലിനിക്കായി പുനഃസ്ഥാപിക്കുമോ; വിശദമാക്കാമോ?

## മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

1920 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളിലാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ആയവ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം

1921 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത യൂണിറ്റിൽ നിന്ന് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത യൂണിറ്റ് ആരംഭിച്ചതിന് ശേഷം എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും സേവനം ലഭിക്കാൻ എവിടെയാണ് ബന്ധപ്പെടേണ്ടതെന്നും വിശദമാക്കാമോ?

## ചെമ്മാടിൽ വെറ്ററിനറി പോളിക്ലിനിക്

1922 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്ററിനറി പോളിക്ലിനിക്കുകൾ നിലവിലില്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) തിരൂരങ്ങാടി താലൂക്കിൽ വെറ്ററിനറി പോളിക്ലിനിക് നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തിരൂരങ്ങാടി താലൂക്ക് ആസ്ഥാനമായ ചെമ്മാടിൽ വെറ്ററിനറി പോളിക്ലിനിക് സ്ഥാപിക്കണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ചെമ്മാടിൽ നിലവിലുള്ള മൃഗാശുപത്രിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പന്നിപ്പനി മൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം

1923 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്നിപ്പനി ബാധിച്ച ഫാമുകൾക്ക് സമീപമുള്ള ഫാമുകളിലെ എല്ലാ പന്നികളെയും കൊല്ലുന്നത് മൂലം പന്നി കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പന്നിപ്പനി ബാധിക്കാത്ത പന്നികളെ കൊല്ലുന്നതിനു പകരം പരിശോധന നടത്തി പനി ബാധിച്ച പന്നികളെ മാത്രം കൊല്ലുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## പാലുല്പാദനം

1924 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ നാളിതുവരെ കേരളത്തിന്റെ പാലുല്പാദനം എത്രയെന്നത് സംബന്ധിച്ച വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ?

## 2020-21 മുതൽ ക്ഷീരവികസനവകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1925 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 മുതൽ ക്ഷീരവികസനവകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

1926 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നല്കി വരുന്നതെന്ന് വിശദമാക്കാമോ?

## ക്ഷീരഗ്രാമം പദ്ധതി

1927 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായകരമായ ക്ഷീരോല്പാദനം ഉറപ്പാക്കുന്നതിനും പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുമായി ക്ഷീരഗ്രാമം എന്ന പദ്ധതിയ്ക്ക്

രൂപംനൽകിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന വിശദമാക്കുമോ;

(ബി) സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം നേടുന്നതിനും ക്ഷീരകർഷകരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ഉറപ്പുവരുത്തുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണ്; വിശദാംശം നൽകുമോ?

**<u>ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി</u>**

1928 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്കായുള്ള 'ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി' യുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

**<u>ക്ഷീരഗ്രാമം പദ്ധതി</u>**

1929 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ എത്ര പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയെന്നത് ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്; 2021 മുതൽ ഓരോ വർഷവും പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

**<u>ഗുരുവായൂർ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി</u>**

1930 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം പ്രസ്തുത മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി</u>**

1931 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീര ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും എന്തെല്ലാം പ്രവൃത്തികളാണ്

നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## സൂര്യാഘാതമേറ്റ് ചത്തുപോയ പശുക്കളുടെ ഉടമകൾക്ക് നഷ്ടപരിഹാരം

1932 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂര്യാഘാതത്താൽ ചത്തുപോയ കറവപ്പശുക്കളുടെ കണക്കുകൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ചത്തുപോകുന്ന പശുകളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; നിലവിൽ അനുവദിക്കുന്ന ഇൻഷുറൻസ് തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ ഡയറിഫാമുകൾ

1933 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതും അഞ്ചിലധികം പശുക്കളുള്ളതുമായ ഡയറിഫാമുകൾ എത്ര എണ്ണം വീതമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

1934 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയെന്ന ലക്ഷ്യം എത്രമാത്രം പ്രാവർത്തികമായെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ മേഖലയിൽ ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്നും അവ പരിഹരിക്കുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെണെന്നും വ്യക്തമാക്കുമോ?

## ഉല്പാദകരെ സംരക്ഷിക്കാൻ നടപടി

1935 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം ആവശ്യമായ പാൽ, മുട്ട, മാംസം എന്നിവയുടെയും ഇതര പാലുല്പന്നങ്ങളുടെയും ഓരോ മാസത്തെയും ആവശ്യകത എത്ര; ഉല്പാദനം എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഇവയുടെ വിപണനം കേരളത്തിൽ നടക്കുന്നത് എത്രത്തോളമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനാവശ്യമായത് ഇവിടെ ഉല്പാദനം നടത്തി സംസ്ഥാനത്തെ പ്രസ്തുത ഉല്പാദകരെ സംരക്ഷിക്കാൻ എന്തു നടപടികൾ ഈ സർക്കാർ സ്വീകരിച്ചു വരുന്നു

എന്ന് വ്യക്തമാക്കുമോ?

**ക്ഷീരോത്പാദന സംഘങ്ങൾ വഴി സംഭരിക്കുന്ന പാൽ**

1936 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷീരോത്പാദന സംഘങ്ങൾ വഴി സംഭരിക്കുന്ന പാലിന്റെ പ്രതിദിന ശരാശരി അളവ് എത്രയെന്ന് വിശദമാക്കാമോ; 'ആനന്ദ്' മാതൃക ക്ഷീര വ്യവസായ സംഘങ്ങളുടെ കണക്ക് പ്രത്യേകം നൽകാമോ;

(ബി) ടി സംഘങ്ങളിൽ നിന്നുള്ള പ്രതിദിന ശരാശരി പ്രാദേശിക വിൽപ്പന എത്രയെന്ന് വിശദമാക്കാമോ;

(സി) കേരളത്തിൽ നിലവിലെ പ്രതിശീർഷ പാൽ ഉപഭോഗം എത്ര ലിറ്ററാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതിദിന പാൽ ഉപഭോഗവും ഉത്പാദനവും താരതമ്യപ്പെടുത്തി ക്ഷീരോത്പാദനരംഗത്ത് സ്വയംപര്യാപ്തത നേടാൻ ആവശ്യമായ പാലിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ക്ഷീര ശ്രീ പോർട്ടൽ**

1937 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പ് തയ്യാറാക്കിയ ക്ഷീര ശ്രീ പോർട്ടൽ വഴി നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ?

**ക്ഷീരോത്പാദനം സ്വയംപര്യാപ്തതയിലെത്തിക്കാൻ നടപടികൾ**

1938 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോത്പാദനം സ്വയംപര്യാപ്തതയിലെത്തിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**മിൽമയിലെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ നടപടി**

1939 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടുവരുന്നതിന് മിൽമയുടെ ടെൻഡർ നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പാൽ കൊണ്ടുവരുന്നതിന് ടെൻഡർ വ്യവസ്ഥകൾ മറികടന്നത് മൂലം മിൽമക്ക് വലിയ നഷ്ടം സംഭവിച്ചു എന്ന സഹകരണ വകുപ്പ് നടത്തിയ ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം, പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്മേൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; നഷ്ടത്തിന് കാരണക്കാരായി റിപ്പോർട്ടിൽ

പരാമർശിക്കപ്പെട്ടവരിൽ നിന്നു ടി തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ വിദ്യാർത്ഥി മരണപ്പെട്ട സംഭവം</u>**

1940 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ നടന്ന റാഗിംഗിനോടനുബന്ധിച്ച് വിദ്യാർത്ഥി ജെ.എസ്. സിദ്ധാർത്ഥ് മരണപ്പെട്ടതിനെ തുടർന്ന് സർവകലാശാലാ ചാൻസലറായ ബഹു. ഗവർണർ നിയമിച്ച റിട്ട. ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിലുള്ള അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ശിക്ഷാ നടപടികളുടെ ഭാഗമായി പ്രാഥമിക അന്വേഷണത്തിൽ ആരുടെയെങ്കിലും പേരിൽ ഇതിനോടകം നടപടി കൈകൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) സിദ്ധാർത്ഥിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകണമെന്ന് ദേശീയ-സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
05-02-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].